I.ഇ.ബി. XIIകേരള നിയമസഭ/VIII-10

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ജൂലായ് 8, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

ശ്രീ. കെ. ബാബു : കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ ദേശീയ നിലവാരമുള്ള ഉന്നത വിദ്യാഭ്യാസ കേന്ദ്രമായി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നിയോഗിച്ച കമ്മിറ്റി ഈ സർവ്വകലാശാല ഉൾപ്പെടെ ഏഴ് സർവ്വകലാശാലകളുടെ പദവി ഉയർത്തുന്നത് സംബന്ധിച്ച് ശുപാർശ ചെയ്തു. തുടർന്ന് നിയോഗിക്കപ്പെട്ട അനന്തകൃഷ്ണൻ കമ്മിറ്റി കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയേയും പശ്ചിമ ബംഗാളിലെ ഒരു സർവ്വകലാശാലയേയും ഐ.ഐ.ഇ.എസ്.റ്റി. ആയി ഉയർത്താൻ ശുപാർശ ചെയ്തു. എന്നാൽ ജൂൺ 10-ാം തീയതി ചേർന്ന യോഗത്തിൽ കൊച്ചി സർവ്വകലാശാല വൈസ്ചാൻസിലർ ഈ സ്ഥാപനത്തെ ഐ.ഐ.ടി. ആയി ഉയർത്തണമെന്ന ആവശ്യമാണ് ഉന്നയിച്ചത്. കൊച്ചി ശാസ്ത്ര

സാങ്കേതിക സർവ്വകലാശാല ഐ.ഐ.ഇ.എസ്.റ്റി.യായി ഉയർത്തിയാൽ സംസ്ഥാന ഗവൺമെന്റ് വർഷംതോറും നൽകുന്ന 20 കോടി രൂപ ലാഭിക്കാൻ കഴിയുകയും വലിയ തുക കേന്ദ്ര സഹായമായി കിട്ടുകയും ചെയ്യും. ഇതുവഴി അവിടെ മികച്ച ലാബ് ഉണ്ടാക്കാനും പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സുകൾക്ക് സീറ്റ് വർദ്ധിപ്പിക്കാനും മെച്ചപ്പെട്ട ക്യാംപസുണ്ടാക്കാനും അദ്ധ്യാപകർക്കും സ്റ്റാഫിനും മെച്ചപ്പെട്ട ക്വാർട്ടേഴ്സ് സൗകര്യം ലഭ്യമാക്കാനും ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം 60 വയസ്സായി ഉയർത്താനും ഗവേഷണ സൗകര്യങ്ങളുണ്ടാക്കാനും സാധിക്കും. കൊച്ചി സർവ്വകലാശാലയെ ഐ.ഐ.ഇ.എസ്.റ്റി. ആയി ഉയർത്താൻ സാധിച്ചില്ലെങ്കിൽ ഐ.ഐ.ടി. ആയി എങ്കിലും ഉയർത്താൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : ഈ വിഷയത്തിൽ വളരെ വ്യക്തമായി ഒരു ധാരണ ഉണ്ടാക്കേണ്ടതായിട്ടുണ്ട്. നമ്മുടെ സമ്പത്തുപയോഗിച്ച് വളർത്തിയെടുത്ത ഒരു സ്വപ്ന സർവ്വകലാശാലയാണ് കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല. ഇത് ഇപ്പോൾ വളരെ നല്ലനിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കുസാറ്റിനെ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ അന്താരാഷ്ട്ര നിലവാരമുള്ള ശാസ്ത്ര വിജ്ഞാന കേന്ദ്രമായി വളർത്തുന്നതിനാണ് ഗവൺമെന്റ് തീരുമാനമെടുത്തത്. തുടക്കത്തിൽത്തന്നെ ഈ സർവ്വകലാശാലയ്ക്ക് ഐ.ഐ.ടി-ക്ക് തുല്യമായ പദവി നൽകണമെന്ന കാഴ്ചപ്പാടോടുകൂടിയാണ് നീങ്ങിയിട്ടുള്ളത്. അനന്തകൃഷ്ണൻ കമ്മിറ്റി 518 കോടി രൂപ വകയിരുത്തിക്കൊണ്ട് ഈ സർവ്വകലാശാലയെ ഐ.ഐ.ഇ.എസ്.റ്റി ആയിട്ട് ഉയർത്തുകയോ കേന്ദ്ര സർവ്വകലാശാലയാക്കുകയോ ചെയ്യാമെന്ന നിർദ്ദേശമാണ് വച്ചത്. ഇതു സംബന്ധിച്ച് പല

ചർച്ചകൾ നടത്തി. ആദ്യഘട്ടത്തിൽ സംസ്ഥാനം വികസിപ്പിച്ചെടുത്ത സമ്പത്ത് പൂർണ്ണമായും കേന്ദ്ര ഗവൺമെന്റിന് വിട്ടുകൊടുക്കുന്നത് ശരിയാണോ എന്ന ഒരു അഭിപ്രായമുണ്ടായി. അപ്പോൾ ക്യാബിനറ്റുതന്നെ 518 കോടി രൂപയുടെ നിക്ഷേപം നേടിയെടുക്കാൻ ഈ സർവ്വകലാശാല വിട്ടുകൊടുക്കാമെന്ന് തീരുമാനിച്ചു. അതോടൊപ്പം സംവരണ തത്വങ്ങൾ പാലിക്കണമെന്നും ജീവനക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കണമെന്നും പറഞ്ഞിരുന്നു. കോഴിക്കോട് റീജിയണൽ എഞ്ചിനീയറിംഗ് കോളേജിനെ എൻ.ഐ.ടി. ആക്കിയതുപോലെയാണ് കുസാറ്റിനെ മാറ്റുന്നതെങ്കിൽ അതൊരു ഉയർച്ചയല്ല താഴ്ചയാണെന്നുള്ളത് മനസ്സിലാക്കണം. സഭ ഒറ്റക്കെട്ടായി വാദിച്ചാൽ കുസാറ്റിനെ ഐ.ഐ.ടി. നിലവാരത്തിലുള്ള ഒരു സ്ഥാപനമാക്കി മാറ്റാൻ കഴിയും. കുസാറ്റിനെ ഐ.ഐ.ടി. നിലവാരത്തിലുള്ള ഐ.ഐ.ഇ.എസ്.റ്റി ആയി ഉയർത്താനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്.

## (2) <u>ദുർബ്ബല വിഭാഗങ്ങൾക്ക് വീട് നിർമ്മാണം</u>

<u>ശ്രീ. ബി. രാഘവൻ</u> : സമൂഹത്തിലെ ദുർബ്ബല വിഭാഗക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. സ്വാതന്ത്ര്യം കിട്ടി ആറ് പതിറ്റാണ്ട് കഴിഞ്ഞിട്ടും പാവപ്പെട്ട ജനവിഭാഗങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ കഴിയുന്നില്ലെന്നുള്ളത് ലജ്ജാകരമായ കാര്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഭൂമിയും വീടും ഇല്ലാത്തവർക്ക് ഭൂമിയും വീടും നൽകുകയെന്ന നയത്തിന്റെ ഭാഗമായാണ് ഇ.എം.എസ്. പാർപ്പിട പദ്ധതിയും ലക്ഷംവീട് പുനരുദ്ധാരണ പദ്ധതിയും പ്രഖ്യാപിച്ചത്. ലക്ഷംവീട് പദ്ധതിയുടെ ഭാഗമായിട്ടുള്ള ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

കുടികിടപ്പ് കിട്ടിയ സ്ഥലത്ത് നാലും അഞ്ചും കുടുംബങ്ങൾ ഒരുമിച്ച് താമസിക്കുന്നുണ്ട്. അതു സംബന്ധിച്ചുള്ള കണക്കെടുപ്പ് നടത്തി അവർക്ക് വീടുണ്ടാക്കിക്കൊടുക്കാനുള്ള ഒരു നയം ഗവൺമെന്റ് ആവിഷ്ക്കരിക്കണം. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിക്ക് ആവശ്യമായ പണം കണ്ടെത്താനും നടപടിക്രമങ്ങളിലുള്ള കാലതാമസമൊഴിവാക്കാനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി <u>(ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :</u> സംസ്ഥാനത്തെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ളാൻ ഫണ്ടും തനതുഫണ്ടും ഉപയോഗിച്ച് വാസയോഗ്യമായ വീട് ലഭ്യമാക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. അതിനുപുറമേ വിവിധ കേന്ദ്രാവിഷ്ക്കൃത പദ്ധതികൾ മുഖേനയും ഭവനരഹിതരായ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്നുണ്ട്. നിലവിലുള്ള മാനദണ്ഡ പ്രകാരം പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് ഒരു ലക്ഷം രൂപയും പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 75,000 രൂപയും പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് 50,000 രൂപയുമാണ് ധനസഹായം നൽകിവരുന്നത്. സംസ്ഥാനത്തെ ഭവന രഹിതരായ മുഴുവൻ കുടുംബങ്ങൾക്കും അടുത്ത മൂന്ന് വർഷത്തിനുള്ളിൽ സ്ഥലവും വീടും ലഭ്യമാക്കുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതിയാണ് ഇ.എം.എസ്. സമ്പൂർണ്ണ ഭവന പാർപ്പിട പദ്ധതി. ആ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാനദണ്ഡങ്ങൾ ഉൾക്കൊള്ളുന്ന മാർഗ്ഗ രേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സമയബന്ധിതമായി ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ 15 ശതമാനം ഇതിലേയ്ക്കായി മാറ്റി വയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ പഞ്ചായത്തുകളും നഗരസഭകളും ധനകാര്യ സ്ഥാപനങ്ങളുടെ സഹായ

ത്താൽ വായ്പാധിഷ്ഠിത ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കണമെന്ന നിർദ്ദേശം നൽകി വരുന്നുണ്ട്. എല്ലാ പഞ്ചായത്തുകളും അതാത് പഞ്ചായത്തുകളിലെ ഭവനരഹിതരായ ആളുകളുടെയും സ്വന്തമായി ഭവനം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഇല്ലാത്ത ആളുകളുടെയും വിവരം ശേഖരിച്ചു വച്ചിട്ടുണ്ട്.

**സബ്മിഷൻ**

(1) ഭൂമി മറിച്ചുവിറ്റ നടപടി

ശ്രീ. കെ.സി. വേണുഗോപാൽ : സർക്കാർ ഏറ്റെടുത്ത 170 ഏക്കർ ഭൂമി 217 കർഷകത്തൊഴിലാളികൾക്ക് 1981-ൽ വിതരണം ചെയ്തു. പ്രസ്തുത സ്ഥലത്ത് സ്കൂൾ, ആശുപത്രി, ബാങ്ക്, പോലീസ് സ്റ്റേഷൻ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തി മാതൃകാ വില്ലേജാക്കുമെന്ന് പറഞ്ഞ് കുട്ടമംഗലം സർവ്വീസ് സഹകരണ ബാങ്ക് കർഷകത്തൊഴിലാളികളിൽ നിന്ന് പട്ടയം ഈടായി വാങ്ങി ജില്ലാ ബാങ്ക് വഴി 28 ലക്ഷം രൂപയുടെ വായ്പ എടുത്തു. ഈ തുക കൈപ്പറ്റിയതായി കർഷകത്തൊഴിലാളികളിൽ നിന്ന് എഴുതിവാങ്ങി അവരെ കബളിപ്പിച്ചശേഷം ഈ സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ തുടങ്ങിയത് തെങ്ങ് കൃഷിയാണ്. പട്ടികജാതിക്കാരായ പാവപ്പെട്ട കർഷകരുടെ ഭൂമി കച്ചവടവുമായി ബന്ധപ്പെട്ട് ഭൂപരിഷ്ക്കരണ നിയമം അട്ടിമറിച്ചിരിക്കുകയാണ്. ഈ ഭൂമി തിരിച്ചുപിടിക്കാൻ സർക്കാരിന് നടപടിയെടുക്കാമെന്ന ജില്ലാ കള്ക്ടറുടേയും സഹകരണവകുപ്പ് ജോയിന്റ് രജിസ്ട്രാറുടേയും റിപ്പോർട്ടിൻമേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ കുട്ടമംഗലം സർവ്വീസ് സഹകരണ ബാങ്ക് വലിയ അഴിമതിയാണ് കാണിച്ചിരിക്കുന്നത്. ടൂറിസം ലോബി കയ്യടക്കിവച്ചിരിക്കുന്ന ഭൂമി കർഷകർക്ക് തിരിച്ചുകൊടുക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ.കെ.പി. രാജേന്ദ്രൻ</u>) : 1981-ൽ കായൽ രാജാവായ മുരിക്കനിൽനിന്ന് മിച്ചഭൂമിയായി ഏറ്റെടുത്ത 170 ഏക്കർ ഭൂമിയാണ് കുട്ടനാട്ടിലെ 217 പട്ടികജാതി വിഭാഗത്തിൽപ്പെട്ട പാവപ്പെട്ട ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്ക് പതിച്ചുനൽകിയിട്ടുള്ളത്. കർഷകത്തൊഴിലാളികൾക്ക് പതിച്ചുനൽകിയ ഈ സ്ഥലം അവരിൽനിന്ന് കുറഞ്ഞ വിലയ്ക്ക് വാങ്ങി കുട്ടമംഗലം സർവ്വീസ് സഹകരണ ബാങ്കിൽ പണയപ്പെടുത്തി ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് വായ്പ എടുക്കുകയും യഥാസമയം ആ വായ്പ തിരിച്ചടയ്ക്കാത്തതിനാൽ വലിയ തുകയായി മാറിയതിനെത്തുടർന്നാണ് ജില്ലാ ബാങ്കിന് കിട്ടാനുള്ള 75 ലക്ഷത്തിൽപ്പരം രൂപ ഈടാക്കാനുള്ള നടപടി എടുത്തത്. ജില്ലാ സഹകരണ ബാങ്ക് 37,28,600 രൂപയുടെ ഒരു പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചാണ് കർഷകത്തൊഴിലാളികളുടെ ഭൂമി വാങ്ങി പണയപ്പെടുത്തിയത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് കൃഷിചെയ്ത് എന്തെങ്കിലും വരുമാനമുണ്ടാക്കാൻവേണ്ടി വിതരണം ചെയ്ത മിച്ചഭൂമിയാണ് ഇത്തരത്തിൽ പണയപ്പെടുത്തിയിട്ടുള്ളത്. ഈ സ്ഥലം വില്പന നടത്തുന്നതിന് 6-7-08-ലെ ഉത്തരവു പ്രകാരം ജോയിന്റ് രജിസ്ട്രാർ അനുമതി കൊടുത്തതിന്റെ അടിസ്ഥാനത്തിൽ 60 ലക്ഷം രൂപയ്ക്ക് ഈ ഭൂമി വില്പന നടത്തുകയും തുക ജില്ലാ സഹകരണ ബാങ്കിൽ നിക്ഷേപിച്ചിരിക്കുകയുമാണ്. തുക ഈടാക്കുന്നതിനുവേണ്ടി സംഘം സ്ഥലം പിടിച്ചെടുക്കുകയാണ് ചെയ്തിട്ടുള്ളത്. 60 ലക്ഷം രൂപയ്ക്ക് ഈ സ്ഥലം വില്പന നടത്തിയ നടപടി സംഘം പൊതുയോഗം അംഗീകരിച്ചുവെങ്കിലും ജോയിന്റ് രജിസ്ട്രാർ ഇതുവരെ അംഗീകാരം നൽകിയിട്ടില്ല. ഇതുസംബന്ധിച്ച് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ പരിശോധനകൾ നടത്തി ക്രമക്കേട് കണ്ടെത്തിയതിനെ

ത്തുടർന്ന് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ബാങ്ക് ഭരണ സമിതിയെ പിരിച്ചുവിടുകയും ബാങ്കിന് നഷ്ടപ്പെട്ട തുക ഉത്തരവാദപ്പെട്ടവരിൽനിന്ന് ഈടാക്കാൻ സഹകരണ നിയമപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഭൂരഹിതരായ പാവപ്പെട്ട പട്ടികജാതിക്കാർക്കും ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്കും വിതരണം ചെയ്ത ഭൂമി നഷ്ടപ്പെടാൻ അനുവദിക്കുന്ന പ്രശ്നമില്ല. അതിനെതിരെ ഈ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കും.

(2) തൃശ്ശൂർ ജില്ലയെ ദേശീയ ഭക്ഷ്യസുരക്ഷാ മിഷനിൽ ഉൾപ്പെടുത്തൽ

ശ്രീ. മുരളി പെരുനെല്ലി : ദേശീയ ഭക്ഷ്യ സുരക്ഷാ മിഷനിൽ നെല്ലുല്പാദനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന, ആയിരക്കണക്കിന് ഹെക്ടർ കോൾനിലങ്ങൾ ഉൾപ്പെടെയുള്ള തൃശ്ശൂർ ജില്ലയെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ.വി.എസ്. അച്ചുതാനന്ദൻ) : നെല്ല്, ഗോതമ്പ്, പയറുവർഗ്ഗങ്ങൾ എന്നിവ അധികം ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കിയ ദേശീയ ഭക്ഷ്യസുരക്ഷാ മിഷനിൽ തൃശ്ശൂർ ഉൾപ്പെടെയുള്ള ജില്ലകളെ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും പാലക്കാട് ജില്ലയെ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കേന്ദ്ര സർക്കാർ തൃശ്ശൂർ ജില്ലയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയാണെങ്കിൽ അതിനുള്ള തുടർനടപടികൾ സംസ്ഥാന സർക്കാർ കൈക്കൊള്ളുന്നതാണ്.

(3) ഒമാനിൽ കുടുങ്ങിയവരെ നാട്ടിലെത്തിക്കാൻ നടപടി

ശ്രീ. കെ.വി. അബ്ദുൾ ഖാദർ : മതിയായ യാത്രാരേഖകളില്ലാതെ സുൽത്താനേറ്റ് ഓഫ് ഒമാനിൽ കുടുങ്ങിയ മലയാളികളെ നാട്ടിൽ തിരിച്ചെത്തിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ.വി.എസ്. അച്യുതാനന്ദൻ) : ആവശ്യമായ രേഖകളുടെ അഭാവത്തിൽ 9,000-ത്തിലേറെ ഭാരതീയർ നാട്ടിൽ തിരിച്ചെത്താനാകാതെ ഒമാനിൽ തങ്ങുന്നുണ്ടെന്നും ഭീമമായ പിഴ നൽകി രേഖകൾ ശരിയാക്കി നാട്ടിൽ തിരിച്ചുവരാൻ കഴിയുന്നില്ലെന്നുമുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവരോട് അനുകൂല നിലപാട് സ്വീകരിക്കണമെന്ന സർക്കാരിന്റേയും ഇൻഡ്യൻ എംബസിയുടേയും നിരന്തരമായ അഭ്യർത്ഥന മാനിച്ച് പിഴകൂടാതെ സുരക്ഷാ പരിശോധനകൾക്ക് വിധേയമായി അവരെ ഇൻഡ്യയിലേയ്ക്ക് തിരിച്ചുപോകാൻ ഒമാൻ ഭരണകൂടം സമ്മതിക്കുകയും അവരുടെ പ്രത്യേക ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ നടപടി ഒമാൻ സർക്കാരിന്റെ മനുഷ്യത്വപരമായ സമീപനത്തിന് തെളിവാണെന്ന് ഇൻഡ്യൻ എംബസി അവരെ അറിയിച്ചിട്ടുണ്ട്.

(4) സ്വകാര്യ മാനേജ്മെന്റുകളുമായുള്ള കരാർ

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻചാണ്ടി) സ്വകാര്യ സ്വാശ്രയ കോളേജ് മാനേജ്മെന്റുകളുമായി സർക്കാർ ഉണ്ടാക്കിയ കരാറിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുമതി കൊടുക്കുന്ന ഘട്ടത്തിൽ അവരുമായി വ്യക്തമായ ധാരണയും കരാറും ഉണ്ടാക്കിയിരുന്നില്ല. പ്രതിപക്ഷനേതാവിന്റെ അഭ്യർത്ഥന മാനിച്ച് സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുമായി ഇപ്പോൾ ഉണ്ടാക്കിയിട്ടുള്ള കരാർ മേശപ്പുറത്ത് വയ്ക്കുന്നതാണ്.

(5) മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

ശ്രീ. ആര്യാടൻ മുഹമ്മദ്: മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്ക് ആസ്ഥാനമാക്കി ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാൻ വർഷങ്ങളായി ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നെങ്കിലും സ്ഥലം ലഭ്യമല്ലാത്തതിനാൽ ഇതുവരെയും അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ ഇതിനായി ജില്ലാ കളക്ടർ അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ..പി. രാജേന്ദ്രൻ): 24-1-2008-ന് റവന്യൂ-വനം എന്നീ വകുപ്പുകളിലെ മന്ത്രിമാരും ബഹുമാനപ്പെട്ട എം.എൽ.എ.യും ഉദ്യോഗസ്ഥരും പങ്കെടുത്ത യോഗത്തിൽ ഇതു സംബന്ധിച്ച് തീരുമാനമെടുത്തതാണ്. മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാനായി ആദ്യം നിശ്ചയിച്ചിരുന്ന സ്ഥലം വനഭൂമിയായതിനാൽ അതു ലഭ്യമായില്ല. ഇപ്പോൾ ചന്തക്കുന്ന് ബസ് സ്റ്റാന്റിനടുത്ത് മറ്റൊരു സ്ഥലം ജില്ലാ കളക്ടർ കണ്ടെത്തിയിട്ടുണ്ട്. കെട്ടിടം പണി ആരംഭിക്കാൻ തടസ്സങ്ങളൊന്നുമില്ലാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ എത്രയും വേഗം തീരുമാനം എടുക്കുന്നതാണ്.

(6) ഡിവൈ.എസ്.പി.യുടേയും സി.ഐ.യുടേയും സസ്പെൻഷൻ

ശ്രീ. കെ.സി.ജോസഫ്: സൈനുദ്ദീന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് അറസ്റ്റിലായ പ്രതികളെ മർദ്ദിച്ചുവെന്നാരോപിച്ച് ഡിവൈ.എസ്.പി. ഷൗക്കത്തലി, സി.ഐ. കെ. മുരളീധരൻ എന്നിവരെ സസ്പെന്റ് ചെയ്ത സംഭവത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തണം. കഴിവും സത്യസന്ധതയും ഉള്ള പോലീസ് ഉദ്യോഗസ്ഥർ ശിക്ഷിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഇരിട്ടി പോലീസ് സ്റ്റേഷൻ അതിർത്തിയിൽവച്ച് 23-6-2008-ന് എൻ.ഡി.എഫ്. പ്രവർത്തകനായ സൈനുദ്ദീനെ കൊലപ്പെടുത്തിയ സംഭവവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ പ്രകാരം ഒരു കേസ്സും ഈ കേസിലെ പ്രതികളെ അന്യായമായി തടങ്കലിൽവച്ച് മർദ്ദിച്ചുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഡിവൈ.എസ്.പി. ഷൗക്കത്തലി, സി.ഐ. കെ.മുരളീധരൻ, മറ്റ് മൂന്ന് പോലീസുകാർ എന്നിവർക്കെതിരെ മറ്റൊരു കേസ്സും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സ് കണ്ണൂർ ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരികയാണ്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിവൈ.എസ്.പി. ഷൗക്കത്തലി, സി. ഐ. കെ. മുരളീധരൻ എന്നിവരേയും ഇരിട്ടി പോലീസ് സ്റ്റേഷനിൽ വന്ന് പ്രതികളെ അടിച്ച കണ്ണൂർ ട്രാഫിക് സ്റ്റേഷനിലെ പോലീസുകാരനേയും മൊബൈൽ ഫോണിൽ ഫോട്ടോ എടുക്കാൻ ഒത്താശ ചെയ്തുകൊടുത്ത മറ്റൊരു പോലീസുകാരനെയുമാണ് സസ്പെൻഡ് ചെയ്തിട്ടുള്ളത്. ലോക്കപ്പ് മർദ്ദനവും മൂന്നാം മുറയും

സർക്കാർ ഒരു കാരണവശാലും അനുവദിക്കുകയില്ല, അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കും.

(7) വിദ്യാർത്ഥിനിയുടെ കൊലപാതകം

ശ്രീ. യു. സി. രാമൻ: കോഴിക്കോട് ജില്ലയിലെ വടകര ചിരണ്ടത്തൂർ മാപ്പിള എൽ.പി. സ്കൂളിലെ ഷഹാന എന്ന കുട്ടിയെ മായിൻകുട്ടി എന്നയാൾ കൊല ചെയ്തതിനെ തുടർന്നുണ്ടായ സംഭവവുമായി ബന്ധപ്പെട്ട് ഇതുമായി ബന്ധമില്ലാത്തവർ ഉൾപ്പെടെ 150 ആളുകൾക്കെതിരെ ജാമ്യം നിഷേധിക്കുന്ന വകുപ്പുകൾ ചേർത്ത് പയ്യോളി പോലീസ് കേസ്സെടുത്തിരിക്കുകയാണ്. ഇവരിൽ നിരപരാധികളായവർ ഉൾപ്പെടെ പലരും ഇപ്പോൾ ജയിലിലാണ്. നിരപരാധികളായവരെ ഒഴിവാക്കാനും പ്രതിയെ മാതൃകാപരമായി ശിക്ഷിക്കാനുമുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കോഴിക്കോട് പയ്യോളി സ്റ്റേഷനതിർത്തിയിലെ ചിരണ്ടത്തൂർ മാപ്പിള എൽ.പി. സ്കൂളിലെ നാലാം ക്ലാസ്സുകാരി ഷഹാനയെ കൊലചെയ്ത സംഭവത്തിൽ പ്രതിയായ മായിൻകുട്ടിയെ പിടിക്കാൻ പോയ പോലീസുകാരുടെ കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്തുകയും പ്രതിയെ അറസ്റ്റ് ചെയ്യുന്നതിന് വിഘ്നം സൃഷ്ടിക്കുകയും പോലീസിന് നേരെ കല്ലെറിയുകയും കോഴിക്കോട് ആർ.ഡി.ഒ.യുടെ ഔദ്യോഗിക വാഹനം അടിച്ചു തകർക്കുകയും പോലീസ് വാഹനത്തിന് കേടുപാട് വരുത്തുകയും ചെയ്ത് പ്രതിയെ രക്ഷപ്പെടുത്താൻ ശ്രമിക്കുകയുണ്ടായി. ഈ സംഭവത്തിൽ ഒരു എസ്.ഐ., ഒരു പോലീസ് കോൺസ്റ്റബിൾ എന്നിവർക്കും പരിക്കേറ്റിട്ടുണ്ട്. വളരെ ശക്തമായി ഇടപെട്ടുകൊണ്ടാണ് പോലീസ് പ്രതിയെ അറസ്റ്റ് ചെയ്തത്. ഈ

സംഭവവുമായി ബന്ധപ്പെട്ട് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചു വരികയാണ്. ഇത്തരമൊരു സ്ഥിതിവിശേഷം ഒരിക്കലും അംഗീകരിക്കാൻ കഴിയുകയില്ല. ഈ സംഭവത്തിൽ ഉൾപ്പെട്ടിട്ടുള്ള ആളുകളുടെ പേരിൽ നിയമാനുസൃതമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇതിൽ നിരപരാധികളായിട്ടുള്ള ആരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടോ എന്ന കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

(8) <u>കെ.ടി. ജോസഫിനെതിരെ കേസ്</u>

<u>ശ്രീ. കെ. സുധാകരൻ</u>: കള്ള രേഖകളുണ്ടാക്കി എന്നാരോപിച്ച് 16-08-07-ന് കൊച്ചിയിലെ കെ.ടി. ജോസഫ് എന്ന ബിസിനസ്സുകാരനെ അറസ്റ്റ് ചെയ്യുകയും വിട്ടയയ്ക്കാൻ 75 ലക്ഷം രൂപ ചോദിക്കുകയും പണം കൊടുക്കാൻ വിസമ്മതിച്ചതിനെത്തുടർന്ന് ജാമ്യം കിട്ടാത്ത വകുപ്പുകൾ ചേർത്ത് കേസെടുത്ത് ജയിലിൽ അടയ്ക്കുകയും ചെയ്യുകയുണ്ടായി. ഇതിനുത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാതെ അവരെ തൽസ്ഥാനത്ത് തുടരാൻ അനുവദിക്കുന്നത് വിരോധാഭാസമാണ്. ഈ കള്ളക്കേസിനെതിരെ എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയുടെ അതിരൂക്ഷമായ പരാമർശവും ഡി.ജി.പി.യുടെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം റിപ്പോർട്ടും ഉണ്ട്. ഔദ്യോഗിക സ്ഥാനങ്ങൾ ദുരുപയോഗം ചെയ്ത ഈ പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: വ്യാജരേഖയുണ്ടാക്കി ഇൻഡോ സ്ക്കോട്ടിഷ് ബ്രാന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഡിസ്റ്റിലറിയുടെ ഷെയറുകൾ കൈവശപ്പെടുത്തിയെന്നാരോപിച്ച് ശ്രീ. കെ.ടി. ജോസഫിനെതിരെ ശ്രീ.

കെ.പി. ജ്യോതിഷ് പരാതി നൽകിയ കേസിൽ കൊച്ചി ജ്യൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിനായി തോപ്പുംപടി പോലീസ് സ്റ്റേഷൻ അധികൃതരോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ.ടി. ജോസഫിനെ പോലീസ് അറസ്റ്റ് ചെയ്യുകയും തുടർന്ന് കോടതി റിമാന്റ് ചെയ്യുകയും ചെയ്തു. തന്റെ പേരിൽ വ്യാജ കേസ്സുണ്ടാക്കി അറസ്റ്റ് ചെയ്തതാണെന്ന് ശ്രീ. ജോസഫ് പരാതി നൽകിയതിനെത്തുടർന്ന് പോലീസ് ഹെഡ്ക്വാർട്ടേഴ്സ് സ്പെഷ്യൽ സെൽ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ അന്വേഷണം നടത്തുകയും പരാതി ശരിയാണെന്ന് ബോധ്യമാവുകയും ചെയ്തതിന്റെയടിസ്ഥാനത്തിൽ മൂന്ന് പോലീസ് ഉദ്യോഗസ്ഥരെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തു. മട്ടാഞ്ചേരി അസിസ്റ്റന്റ് കമ്മീഷണറായിരുന്ന ശ്രീ. സുനിൽ ജേക്കബ്, അന്നത്തെ സർക്കിൾ ഇൻസ്പെക്ടർ ശ്രീ. ലാൽജി എന്നിവരുൾപ്പെടെ അഞ്ചുപേർക്കെതിരെ വകുപ്പുതല അന്വേഷണം നടന്നുവരികയാണ്.

(9) മൊബൈൽ ഫോൺ ഉപയോഗം

പ്രൊഫ. എൻ. ജയരാജ്: മൊബൈൽ ഫോൺ ഉപയോഗം നിരോധിക്കാനുള്ള ഉത്തരവുണ്ടെങ്കിലും ദൂഷ്യവശങ്ങൾ അറിയാതെ സ്കൂൾ-കോളേജ് തലത്തിൽ വിദ്യാർത്ഥികളുടെ ഇടയിൽ ഇത് വ്യാപകമായി ഉപയോഗിക്കപ്പെടുന്നുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ സൈബർ കുറ്റകൃത്യങ്ങൾ വ്യാപകമാകാതിരിക്കാനും അവർക്ക് ആരോഗ്യപ്രശ്നങ്ങളുണ്ടാകാതിരിക്കാനും വിദ്യാർത്ഥികൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് നിയന്ത്രിക്കാൻ ആവശ്യമായ നിയമനിർമ്മാണം നടത്തണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സംസ്ഥാന ഹയർ സെക്കണ്ടറി സ്കൂൾ ഉൾപ്പെടെയുള്ള വിദ്യാലയങ്ങളിൽ പ്രായപൂർത്തിയാകാത്ത വിദ്യാർത്ഥികൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(10) ടൂറിസം സാധ്യതകൾ

ശ്രീ. ബി.ഡി.ദേവസ്സി: വനം, വിദ്യുച്ഛക്തി, പൊതുമരാമത്ത്, എസ്.സി/എസ്.റ്റി, ജലസേചനം ടൂറിസം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് അതിരപ്പിള്ളി, തുമ്പൂർമുഴി, വാഴച്ചാൽ, ഷോളയാർ, പെരിങ്ങൽക്കുത്ത്, ചേർപ്പ്, മലക്കപ്പാറ തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ആദിവാസികളുൾപ്പെടെയുള്ളവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് സമഗ്ര ടൂറിസം വികസനം സാധ്യമാക്കണം. പോട്ട-കാഞ്ഞിരപ്പള്ളി-വാഴച്ചാൽ ടൂറിസം റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): അതിരപ്പിള്ളി, വാഴച്ചാൽ, തുമ്പൂർമുഴി, പെരിങ്ങൽക്കുത്ത്, ഷോളയാർ, മലക്കപ്പാറ, ചേർപ്പ് തുടങ്ങിയ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ ടൂറിസം സാധ്യതകൾ പരിപോഷിപ്പിക്കുന്നതിനും ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടി ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച് നടപടികൾ കൈക്കൊള്ളുന്നതാണ്. നബാർഡിന്റെ സ്കീമിൽ ഉൾപ്പെടുത്തി പോട്ട-കാഞ്ഞിരപ്പള്ളി-വാഴച്ചാൽ റോഡ് കാലതാമസം കൂടാതെ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

(11) നിയമവിരുദ്ധ സ്ഥലം മാറ്റം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ലോക്സഭാ തെരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്ന സാഹചര്യത്തിൽ വോട്ടർ പട്ടിക പുതുക്കി എൻറോൾ ചെയ്യുന്ന റവന്യൂ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരെ നിയമ വിരുദ്ധമായി സ്ഥലം മാറ്റുന്ന നടപടി പിൻവലിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): നിലവിലുള്ള കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ മാനദണ്ഡങ്ങൾക്കു വിധേയമായിട്ടും പൊതു താൽപ്പര്യമനുസരിച്ചുമാണ് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുന്നത്. മാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥലം മാറ്റിയിട്ടുണ്ടെങ്കിൽ അത് പരിശോധിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

(12) റബ്ബറധിഷ്ഠിത വ്യവസായം

പ്രൊഫ. സി. രവീന്ദ്രനാഥ്: തൃശ്ശൂർ ജില്ലയിലെ കൊടകര, ചേലക്കര, വടക്കാഞ്ചേരി, കുന്നംകുളം, ഒല്ലൂർ, ചാലക്കുടി എന്നീ പ്രദേശങ്ങളുൾപ്പെട്ട വ്യാപകമായി റബ്ബർ കൃഷിയുള്ള മലയോര പ്രദേശങ്ങളിൽ മൂല്യവർദ്ധിത റബ്ബറധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി( ശ്രീ. എളമരം കരീം): കെ.എസ്. ഐ. ഡി.സി. നടത്തിയ പഠനത്തിൽ സംസ്ഥാനത്ത് റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക് സാധ്യത കണ്ടെത്തിയിട്ടുണ്ട്. അതനുസരിച്ച് ഐരാപുരത്ത് റബ്ബർ ബോർഡിന്റെയും കിൻഫ്രയുടെയും ആഭിമുഖ്യത്തിൽ റബ്ബർ വ്യവസായ പാർക്ക് സ്ഥാപിച്ചു. മറ്റൊന്ന്, പത്തനംതിട്ടയിലെ റാന്നിയിൽ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നൂറോളം ചെറുകിട റബ്ബർ വ്യവസായ സംരംഭങ്ങളുണ്ടെങ്കിലും തൃശ്ശൂർ ജില്ലയിൽ വിപുലമായി

റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കാനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്.

(13) <u>മുരുകൻമല സ്ഥലം പതിച്ചു കൊടുക്കൽ</u>

<u>ശ്രീ. പി.സി. ജോർജ്:</u> തിക്കോയി കൂട്ടിക്കൽ വില്ലേജിലെ മൂന്ന് തീർത്ഥാടന കേന്ദ്രങ്ങളിലൊന്നായ മുരുകൻമലയിലെ നാശോന്മുഖമായ ക്ഷേത്രം പണിയുന്നതിനാവശ്യമായ സ്ഥലം എസ്.എൻ.ഡി.പി. യൂണിയന് പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. .

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ.കെ.പി. രാജേന്ദ്രൻ):</u> പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ തിക്കോയി കൂട്ടിക്കൽ വില്ലേജിൽ മുരുകൻമല ഹൈന്ദവക്ഷേത്രത്തിനാവശ്യമായ ഭൂമി പതിച്ചുകിട്ടുന്നതിനായി മീനച്ചിൽ എസ്.എൻ.ഡി.പി. യൂണിയനുവേണ്ടി അഡ്വ. കെ.എം. സന്തോഷ് കുമാർ മീനച്ചിൽ തഹസീൽദാർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇത് വളരെ വേഗത്തിൽ പരിശോധിച്ച് റിപ്പോർട്ട് തരാൻ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(14) <u>വികസനത്തിന് ഏറ്റെടുത്ത സ്ഥലത്തിന്റെ വില</u>

<u>ശ്രീ. കെ.കെ. ദിവാകരൻ</u>: നാഷണൽ ഹൈവേയുടെ വികസനവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുമ്പോൾ സമയപരിധിവച്ച് സ്ഥലം ഏറ്റെടുക്കുകയും ഏറ്റെടുത്ത സ്ഥലത്തിന് മാർക്കറ്റ് വിലയ്ക്കനുസരിച്ചുള്ള വില നിശ്ചയിച്ച് പരാതികൾ ഒഴിവാക്കുകയും ചെയ്യണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ.കെ.പി. രാജേന്ദ്രൻ</u>): ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട് യാക്കര വില്ലേജിൽ ഭൂമി ഏറ്റെടുത്തപ്പോൾ 3 വർഷം മുമ്പ് രജിസ്റ്റർ ചെയ്ത ആധാരങ്ങളും മാർക്കറ്റ് വിലയും പരിശോധിച്ച് പൊന്നുംവില നിശ്ചയിച്ചതുകൊണ്ടാണ് വിലയിൽ വ്യത്യാസമുണ്ടായത്. ഭൂമി ഏറ്റെടുക്കുമ്പോൾ ന്യായമായ മാർക്കറ്റ് വില നൽകേണ്ടതാണെന്നും

ആവശ്യമായ പുനരധിവാസ നടപടികൾ ഉണ്ടാകേണ്ടതാണെന്നും ഗവൺമെന്റിന് അഭിപ്രായമുണ്ട്. മൂന്ന് വർഷം മുമ്പുണ്ടായ നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ സ്ഥലം ഏറ്റെടുക്കേണ്ടിവരുന്ന യാക്കര വില്ലേജിന്റെ കാര്യം പ്രത്യേകമായി പരിശോധിച്ച് തീരുമാനം എടുക്കേണ്ടതായിട്ടുണ്ട്. ദേശീയ പാതയുമായി ബന്ധപ്പെട്ട് സ്ഥലം എടുക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റിന്റെ പ്രതിനിധി കേരളത്തിൽ വരികയും റവന്യൂ, പൊതുമരാമത്ത് വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായും എം.പി.മാരുമായും ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. അവിടെ ഇന്നത്തെ മാർക്കറ്റ് വില കിട്ടാൻവേണ്ടിയുള്ള പരിശ്രമം പാർലമെന്റ് അംഗം ഉൾപ്പെടെ നടത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ യാക്കര വില്ലേജിലെ ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിൽ ആവശ്യമായ തീരുമാനമെടുക്കുന്നതാണ്.

(15) <u>ശമ്പളം പുതുക്കി നിശ്ചയിക്കൽ</u>

<u>ശ്രീ. എൻ. അനിരുദ്ധൻ</u>: കേരളത്തിലെ കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് കഴിഞ്ഞ പ്രാവശ്യം മിനിമംകൂലി പരിഷ്ക്കരിച്ചപ്പോൾ സ്റ്റാഫിന്റെ ശമ്പള പരിഷ്ക്കരണം നടത്തിയില്ല. അത് അടിയന്തിരമായി പരിഷ്ക്കരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ.പി.കെ. ഗുരുദാസൻ</u>): മിനിമം വേജസ് നോട്ടിഫിക്കേഷൻ പ്രകാരമാണ് കശുവണ്ടിത്തൊഴിലാളികളുടെ മിനിമം വേജസ് പുതുക്കുന്നത്. തൊഴിലാളികളുടെ മിനിമം കൂലി യഥാസമയം പുതുക്കി നിശ്ചയിക്കാതിരുന്ന സന്ദർഭത്തിൽ ജീവനക്കാരുടെ ശമ്പളം വ്യവസായബന്ധസമിതിയുടെ തീരുമാനപ്രകാരം 2005 ജൂൺ മാസത്തിൽ പുതുക്കിയിരുന്നു. ഇപ്പോൾ അതിന്റെ കാലാവധി

അവസാനിച്ചു. ഉടൻതന്നെ ഐ.ആർ.സി. യോഗം കൂടി ജീവനക്കാരുടെ ശമ്പളം പുതുക്കി നിശ്ചയിക്കുന്നതാണ്.

(16) <u>പെരിയാറിന്റെ ഇരുകരകളുടെ സംരക്ഷണം</u>

<u>ശ്രീ. എ.എം. യൂസഫ്</u>: ആലുവ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പെരിയാറിന്റെ ഇരുകരകളിലുമുള്ള കീഴ്മാട്, കടുങ്ങല്ലൂർ, ഏലൂർ പഞ്ചായത്ത് പ്രദേശങ്ങൾ, വരാപ്പുഴയുടെ കുറേ ഭാഗങ്ങൾ, ആലുവ നഗരസഭ പ്രദേശം എന്നിവിടങ്ങളിൽ പല ആളുകളും പെരിയാറിന്റെ കര കൈവശപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പെരിയാറിന്റെ ഇരുകരകളും സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ)</u>: ആലുവ നിയോജകമണ്ഡലത്തിൽപ്പെട്ട ഏലൂർ, കീഴ്മാട് എന്നീ സ്ഥലങ്ങളിൽ 2006-07 സാമ്പത്തിക വർഷം 20.6 ലക്ഷം രൂപ അടങ്കൽ തുകവരുന്ന 5 നദീതീര സംരക്ഷണ പ്രവൃത്തികളും 2007-08 വർഷത്തിൽ 26.8 ലക്ഷം രൂപ വരുന്ന 5 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ പുഴയുടെ തീരം പല ഭാഗങ്ങളിലും ഇടിഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതാണ്ട് 82.45 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 12 പ്രവൃത്തികൾ റിവർ മാനേജുമെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനായി സമർപ്പിച്ചിരുന്നെങ്കിലും 13.65 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പ്രവൃത്തികൾക്കാണ് സംസ്ഥാനതല വിദഗ്ദ്ധസംഘം അംഗീകാരം നൽകിയിട്ടുള്ളത്. 2008-09 സാമ്പത്തിക വർഷത്തിൽ ആലുവ, കീഴ്മാട് എന്നീ ഭാഗങ്ങളിൽ തീര സംരക്ഷണ പ്രവൃത്തികൾ നടത്തുന്നതിനായി 17 ലക്ഷം രൂപ അടങ്കൽ തുക വരുന്ന

എസ്റ്റിമേറ്റ് അംഗീകാരത്തിനായി തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രസ്തുത പദ്ധതികൾ ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതാണ്.

(17) ഫയർ സ്റ്റേഷന് സ്ഥലം

ശ്രീ. സാജു പോൾ: പെരുമ്പാവൂരിലെ പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ വക 50 സെന്റ് സ്ഥലം ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി അനുവദിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പെരുമ്പാവൂരിൽ ഫയർ സ്റ്റേഷന് സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശം ഗവൺമെന്റ് സജീവമായി പരിശോധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ് പ്രവർത്തനങ്ങൾക്കോ ഓഫീസിന്റെ കീഴിലുള്ള ക്വാർട്ടേഴ്സുകളിലെ അന്തേവാസികൾക്കോ ബുദ്ധിമുട്ട് ഉണ്ടാകാത്ത നിലയിൽ 50 സെന്റ് സ്ഥലം സർവ്വേ നമ്പരിന്റേയും സ്കെച്ചിന്റേയും അടിസ്ഥാനത്തിൽ പതിച്ചു നൽകുന്നതിന് അനുവാദം നൽകാൻ ഗവൺമെന്റ് സന്നദ്ധമാണ്.

(18) ലേബർ കോടതിയുടെ പ്രവർത്തനം

ശ്രീ. വി.എൻ. വാസവൻ: കോട്ടയം ലേബർ കമ്മീഷണർക്ക് എറണാകുളം മേഖലയുടേയും ബാംബൂ കോർപ്പറേഷന്റേയും അധികച്ചുമതലയുള്ളതിനാൽ ഇപ്പോൾ കെട്ടിക്കിടക്കുന്ന ആയിരക്കണക്കിന് ലേബർ കേസ്സുകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് സാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ കോട്ടയം ലേബർ കോടതിയിൽ അടിയന്തിരമായി ആവശ്യമായ നിയമനങ്ങൾ നടത്തി ഓഫീസ് പ്രവർത്തനം സജീവമാക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി.കെ. ഗുരുദാസൻ): ഇപ്പോൾ എറണാകുളത്ത് വർക്ക്മെൻ കോമ്പൻസേഷൻ കമ്മീഷണറായിരിക്കുന്ന ഉദ്യോഗസ്ഥന് എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ പൂർണ്ണ ചുമതലകൂടി നിർവ്വഹിക്കേണ്ടിവരുന്നതിനാൽ സിറ്റിംഗുകളുടെ എണ്ണത്തിൽ കുറവ് വരുന്നുണ്ട്. പ്രസ്തുത ഓഫീസിലെ മറ്റ് സ്റ്റാഫുകളുടെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചുവരുന്നു. എറണാകുളത്ത് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറെ നിയമിച്ചുകഴിഞ്ഞാൽ വർക്ക്മെൻ കോമ്പൻസേഷൻ കമ്മീഷണർ ആയിരിക്കുന്ന ഉദ്യോഗസ്ഥന് കൂടുതൽ സിറ്റിംഗ് നടത്തുന്നതിനും അതുവഴി തൊഴിലാളികളുടെ നഷ്ടപരിഹാര കേസുകളിൽ തീർപ്പുകൽപ്പിക്കുന്നതിനും സാധിക്കും. ഫീഡർ കാറ്റഗറിയായ ഡെപ്യൂട്ടി ലേബർ കമ്മീഷണർ തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിച്ച രണ്ട് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഉടൻതന്നെ ഡി.പി.സി. കൂടിയശേഷം ജോയിന്റ് ലേബർ കമ്മീഷണർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നതാണ്. ഇതുവഴി അവിടെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നതാണ്.

**ധനകാര്യം**

2008-09 സാമ്പത്തികവർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ
ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVIII – വൈദ്യസഹായരംഗവും
പൊതുജനാരോഗ്യവും
(902,76,45,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIX - കുടുംബക്ഷേമം
(125,88,64,000 രൂപ)

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): പ്രമേയങ്ങളെ പിൻതാങ്ങുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

സർവ്വശ്രീ കെ. ശിവദാസൻ നായർ, എം.എ. വാഹീദ്, ടി.എൻ. പ്രതാപൻ, ജോർജ് മേഴ്സിയർ, കെ.സി. വേണുഗോപാൽ, ആര്യാടൻ മുഹമ്മദ്, കെ.ബാബു, വർക്കല കഹാർ, കെ.സി. ജോസഫ്, എ.പി. അനിൽകുമാർ, സി.ടി. അഹമ്മദ് അലി, പി.കെ. അബ്ദുറബ്ബ്, എം. ഉമ്മർ, അബ്ദുറഹിമാൻ രണ്ടത്താണി, കെ. മുഹമ്മദുണ്ണി ഹാജി, ജോസഫ് എം. പുതുശ്ശേരി, സി.പി. മുഹമ്മദ്, വി.ഡി. സതീശൻ, തോമസ് ഉണ്ണിയാടൻ, പ്രൊഫ. എൻ. ജയരാജ്, പ്രൊഫ. കെ.വി. തോമസ്, എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ശമ്പള കമ്മീഷൻ റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ രണ്ടു വർഷമായി നടന്നുവന്നിരുന്ന ഡോക്ടർമാരുടെ സമരം ഒത്തുതീർപ്പാക്കുന്നതിൽ കുറ്റകരമായ അനാസ്ഥയാണ് ഗവൺമെന്റ് വരുത്തിയത്. ഇത്രയുംകാലം സമരം നീട്ടിക്കൊണ്ടുപോയതെന്തിനാണെന്ന് വ്യക്തമാക്കണം. മെഡിക്കൽ

കോളേജുകളുടേയും ജില്ലാ, താലൂക്ക് ആശുപത്രികളുടേയും പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല. ഡോക്ടർമാരുടെ ഒഴിവുകൾ പൂർണ്ണമായും നികത്തുന്നതിന് ഇതുവരെ സാധിച്ചിട്ടില്ല. ശരിയായ രീതിയിലുള്ള ചികിത്സാ സൗകര്യം സാധാരണ ജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിൽ ആരോഗ്യ വകുപ്പ് പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നു. ജില്ലാ, താലൂക്ക് ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിന് ഇതുവരെ സാധിച്ചിട്ടില്ല. ആശുപത്രികൾക്കുവേണ്ടി ഉപകരണങ്ങൾ വാങ്ങുമ്പോൾ അത് ഉപയോഗിക്കാനുള്ള സാങ്കേതികവൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥരെയും പ്രാവീണ്യമുള്ള ഡോക്ടർമാരേയും നിയോഗിക്കാത്തതുകാരണം ഉപകരണങ്ങൾ ഉപയോഗശൂന്യമായിപ്പോകുന്ന സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. 2003-04 മുതൽ 2008-09 വരെയുള്ള പ്ലാൻ ഫണ്ടിലെ അലോക്കേഷൻ പരിശോധിച്ചാൽ പ്രധാനപ്പെട്ട ഹെഡ്ഡുകളിലെല്ലാം അലോക്കേഷൻ വളരെ കുറഞ്ഞുവരുന്നതായാണ് കാണുന്നത്. ആരോഗ്യവകുപ്പിനെ വിഴുങ്ങുന്ന 'തിമിംഗലമായി' എൻ.ആർ.എച്ച്.എം. മാറിയിരിക്കുന്നു. ആരോഗ്യവകുപ്പിൽ യാതൊരു നിയന്ത്രണവുമില്ലാതെ കാറുകളും കമ്പ്യൂട്ടറുകളും വാങ്ങുന്നു. എൻ.ആർ.എച്ച്.എം. നിയമനങ്ങളിൽ റിസർവ്വേഷൻ വേണ്ട എന്ന കോടതി വിധിയുടെ മറവിൽ യാതൊരുവിധ റിസർവ്വേഷൻ തത്വവും പാലിക്കാതെ സ്വന്തക്കാരെയും പാർശ്വവർത്തികളെയും തിരുകിക്കയറ്റുന്നതിനുവേണ്ടി പിൻവാതിൽ നിയമനം നടത്തുന്നു. ഏത് കമ്പനിയിൽ നിന്നാണ് ഡയറക്ടറേറ്റിൽ 20 ലക്ഷം രൂപയ്ക്ക് 13 കമ്പ്യൂട്ടറുകൾ വാങ്ങിയത് എന്നുള്ളതിനെസംബന്ധിച്ച് അന്വേഷണം നടത്തണം.

എൻ.ആർ.എച്ച്.എം.-ന്റെ പേരിൽ കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന പണം വകമാറ്റി ചെലവഴിക്കുന്ന രീതിയാണ് ഉദ്യോഗസ്ഥ തലത്തിൽ നടക്കുന്നത്. എൻ.ആർ.എച്ച്.എം.ഫണ്ട് ചെലവഴിക്കുന്നതിന് എ.ജി.-യുടെ പെർഫോമൻസ് ആഡിറ്റ് ഉള്ളതുകൊണ്ട് ഡിപ്പാർട്ടുമെന്റ് ആഡിറ്റ് വേണ്ടെന്ന് തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കണം. ആശുപത്രികളിൽ പേ ക്ലിനിക്കുകൾ സ്ഥാപിക്കും എന്ന തീരുമാനത്തിലൂടെ ധർമ്മാശുപത്രി എന്ന സങ്കൽപ്പത്തെ തകിടംമറിക്കുന്ന പ്രവർത്തനങ്ങളാണ് നടന്നു കൊണ്ടിരിക്കുന്നത്. മരുന്നു വാങ്ങുന്നതിനായി മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ രൂപീകരിച്ചത് നല്ല കാര്യമാണ്. ഓരോ വാർഡിലും സാനിട്ടേഷനുവേണ്ടി 10,000 രൂപ വീതം കൊടുക്കുന്നത് എന്തിനുവേണ്ടി ഉപയോഗിക്കുന്നു എന്നുള്ളതിനെക്കുറിച്ച് ആരും ശ്രദ്ധിക്കുന്നില്ല. ആശുപത്രികളിൽ വിതരണംചെയ്യുന്ന ഡെലിവറി കിറ്റ് ഡോക്ടേഴ്സ് ഉപയോഗിക്കുന്നില്ല എന്ന സത്യാവസ്ഥ മനസ്സിലാക്കി ഇത് കൊടുക്കുന്ന സംവിധാനം നിറുത്തലാക്കണം. ആശുപത്രികളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിന്ന് ജനപ്രതിനിധികളെ ഒഴിവാക്കുന്ന, ജനാധിപത്യത്തെ കശാപ്പ് ചെയ്യുന്ന ഉത്തരവ് പിൻവലിക്കണം. ആരോഗ്യ വകുപ്പിൽ റിട്ടയർ ചെയ്ത ആളുകളെ തിരുകിക്കയറ്റിയാൽ 2012-നു ശേഷം ആശുപത്രികളുടെ നിലനിൽപ്പുതന്നെ അപകടത്തിലാകും.

ശ്രീ. കെ. കുഞ്ഞിരാമൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാന രൂപീകരണത്തിനുശേഷം ആദ്യമായി അധികാരത്തിൽവന്ന ഗവൺമെന്റിന്റെ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. എ. ആർ.മേനോൻ നടപ്പിലാക്കിയ അതിമഹത്തായ പരിപാടികളിലൂടെയാണ് ലോകമെമ്പാടും പ്രകീർത്തിക്കപ്പെട്ട വിധത്തിൽ ആരോഗ്യ രംഗം ഉയരങ്ങളിലെത്തിയത്.

ആരോഗ്യരംഗത്ത് സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ രണ്ട് വർഷത്തെ ഭരണം കൊണ്ട് ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുകയും തീരദേശത്ത് 73.55 കോടി രൂപ ചെലവഴിച്ച് 126 ആശുപത്രികൾ നവീക രിക്കുകയും സംസ്ഥാനത്തെ മൂന്ന് മെഡിക്കൽ കോളേജുകളിൽ 50 സീറ്റ് വീതം വർദ്ധിപ്പിക്കുകയും തൃശൂരിലും ആലപ്പുഴയിലും പുതിയ രണ്ട് നഴ്സിംഗ് കോളേജുകൾ ആരംഭിക്കുകയും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകരിക്കുകയും ചെയ്തു. സംസ്ഥാനത്ത് എൻ.ആർ.എച്ച്. എം. ഫണ്ട് ഫലപ്രദമായ രീതിയിൽ ഉപയോഗിക്കാനും വാർഡുകളിൽ പതിനായിരം രൂപ വീതം വിനിയോഗിച്ചുകൊണ്ട് ശുചീകരണ പ്രവർത്തന ങ്ങൾ ഫലപ്രദമായി നടപ്പിലാക്കാനും സാധിച്ചു. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ ആന്റ് ട്രെയിനിംഗ് ആരംഭിച്ചു. മെഡിക്കൽ പി.ജി. പ്രവേശനത്തിന് സർവ്വീസ് ക്വോട്ട പുന:സ്ഥാപിച്ചു. ഡോക്ടർമാർക്ക് സ്പെഷ്യൽ അലവൻസും സ്പെഷ്യൽ പേയും അനുവദിക്കുകയും അവരുടെ പ്രൊമോഷൻ സാധ്യത വർദ്ധിപ്പിക്കുകയും 66 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ അത്യാധുനിക ഉപകരണങ്ങൾ കൊടുത്തു. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ നവീകരണത്തിനായി 50 കോടി രൂപയും തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി 120 കോടി രൂപയും അനുവദിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജിലെ പ്രധാ നപ്പെട്ട വിഭാഗങ്ങൾ വണ്ടാനത്തേയ്ക്ക് മാറ്റി. ബീച്ചിലെ ആശുപത്രി

സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള പ്രത്യേക ആശുപത്രിയാക്കി. നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ശക്തിപ്പെടുത്തി. കെ.എസ്.ഡി.പി. പുനരുജ്ജീവിപ്പിച്ചു. തിരുവനന്തപുരം ആർ.സി.സി.യിൽ എം.ആർ.ഐ.സ്കാൻ, റേഡിയോ കൊബാൾട്ട് യൂണിറ്റ്, മജ്ജ മാറ്റി വയ്ക്കൽ സൗകര്യം എന്നിവ ആരംഭിച്ചു. എല്ലാ പ്രധാനപ്പെട്ട ആശുപത്രികളിലും ഹൗസ് കീപ്പിംഗ് യൂണിറ്റ് ആരംഭിച്ചു. എൻ.ആർ.എച്ച്.എം.മുഖേനയും പി. എസ്.സി. മുഖേനയും ഡോക്ടർമാരെ നിയമിച്ചു. അനധികൃതമായി ജോലിക്ക് ഹാജരാകാത്ത ഡോക്ടർമാരെ പിരിച്ചുവിടാനുള്ള നടപടി സ്വീകരിച്ചു.

<u>ശ്രീ. പി.കെ. അബ്ദുറബ്ബ്:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സുരക്ഷിതമായ രോഗ ചികിത്സയും രോഗ പ്രതിരോധ ചികിൽസയും ആയൂർ ദൈർഘ്യം ഏറ്റവും കൂടിയതും പൊതുമരണ നിരക്കും ശിശുമരണ നിരക്കും കുറവായതുമായ സംസ്ഥാനമാണ് കേരളം. സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികളും സ്വകാര്യ മെഡിക്കൽ സംരംഭങ്ങളും ഉൾപ്പെടുന്നതാണ് സംസ്ഥാനത്തിന്റെ ആരോഗ്യ മേഖല. ആരോഗ്യ വകുപ്പിന്റെ കെടുകാര്യസ്ഥതമൂലം കേന്ദ്ര സർക്കാർ അനുവദിച്ച 100 കോടി രൂപ പാഴായി. കഴിഞ്ഞ ബഡ്ജറ്റ് വിഹിതത്തിലെ 53.44 കോടി രൂപയിൽ 21 കോടി രൂപയും കേന്ദ്ര പദ്ധതികൾക്ക് ലഭിച്ച 53 കോടി രൂപയിൽ 25 കോടി രൂപയും ചെലവഴിച്ചില്ല. മാലിന്യ സംസ്ക്കരണ നിയമം കർശനമായി നടപ്പിലാക്കണമെന്ന സുപ്രീം കോടതി ഉത്തരവ് പാലിക്കപ്പെടുന്നില്ല. മെഡിക്കൽ കോളേജുകളിലെ ഇൻസിനറേറ്ററുകൾ കാര്യക്ഷമമല്ല. ഉപയോഗിച്ച സിറിഞ്ചുകൾ വീണ്ടും കഴുകി ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. പ്രാദേശികാ

ടിസ്ഥാനത്തിൽ മാലിന്യ സംസ്ക്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ആരോഗ്യ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും പൊല്യൂഷൻ കൺട്രോൾ ബോർഡും സംയുക്തമായി പദ്ധതികൾ ആവിഷ്ക്കരിക്കണം. മാലിന്യ സംസ്ക്കരണം നടത്തുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കണം. പകർച്ചവ്യാധികൾ തടയുന്നതിന് കൃത്യസമയത്ത് കുത്തി വയ്പ് നടത്തണം. ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതി ഫലപ്രദമായി നടപ്പാക്കണം. ജീവനക്കാർ കുറവുള്ള ആശുപത്രികളിൽ കരാർ അടിസ്ഥാന ത്തിൽ നിയമനം നടത്തണം. പി.എസ്.സി. വഴി നിയമിക്കുന്ന ഡോക്ടർമാ രിൽ ഇരുപത് ശതമാനം മാത്രമാണ് ജോയിൻ ചെയ്യുന്നത്. നിർബന്ധിത ഗ്രാമീണ സേവനത്തിന്റെ അടിസ്ഥാനത്തിൽ പഠിച്ചിറങ്ങുന്ന ഡോക്ടർ മാരാണ് പി.എച്ച്.സി.-കളിൽ സേവനമനുഷ്ഠിക്കുന്നത്. സർക്കാർ മെഡിക്കൽ കോളേജുകളിലെ ഫീസ് നിരക്ക് വർദ്ധിപ്പിച്ചത് സാധാരണക്കാരായ കുട്ടികളെയും രക്ഷിതാക്കളെയും ബുദ്ധിമുട്ടിലാക്കിയിരി ക്കുകയാണ്. സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ പ്രവർത്തനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലുകൾ വെളിപ്പെടുത്തണം. മെഡിക്കൽ സർവീസ് കോർപ്പറേഷൻ നിലവിൽ വന്നിട്ടും കോടിക്കണക്കിന് രൂപയുടെ ജീവൻ രക്ഷാ മരുന്നുകൾ പലയിടത്തും കെട്ടിക്കിടക്കുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ആവശ്യത്തിന് മരുന്നും ഉപകരണങ്ങളും ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. സർക്കാർ ആശുപത്രി കളിൽ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തണം. എൻ. ആർ.എച്ച്.എം. പദ്ധതിയുടെ മറവിൽ പിൻവാതിൽ നിയമനം നടക്കുകയാണ്. ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനത്തിൽ വൻ ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ട്.

സംസ്ഥാനത്ത് പുതുതായി അനുവദിച്ച കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്ട്സ് മെഡിസിൻ പദ്ധതിയുടെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കണം. മലപ്പുറം ജില്ലയിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ശക്തിപ്പെടുത്തുന്നതിന് സർക്കാർ ഫണ്ടിൽ നിന്നും എൻ.ആർ.എച്ച്.എം. ഫണ്ടിൽ നിന്നും കൂടുതൽ തുക അനുവദിക്കണം. ഓരോപ്രദേശത്തുമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അതാതു തദ്ദേശഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ച് സമയബന്ധിതമായി പൂർത്തിയാക്കണം. മഞ്ചേരി നിയോജകമണ്ഡലത്തിലെ അരീക്കോട് ബ്ലോക്ക് സി.എച്ച്.സി.ക്ക് അനുവദിച്ച തുകയിൽ നിന്നും കെട്ടിടനിർമ്മാണത്തിനാവശ്യമായ തുക ചെലവഴിക്കുന്നതിനും ബാക്കി തുക കൊണ്ട് ഉപകരണങ്ങൾ വാങ്ങുന്നതിനും അനുവാദം നൽകണം. മലപ്പുറം ജില്ലാ ആശുപത്രിയുടെ പൂർത്തിയായിക്കൊണ്ടിരിക്കുന്ന കെട്ടിടത്തിൽ ഓപ്പറേഷൻ തിയേറ്ററും ഐ.സി.യു.വും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതിനും മഞ്ചേരിയിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിക്കെട്ടിടത്തിന് പുതിയ റേറ്റ് അനുസരിച്ചുള്ള എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിനും നടപടി സ്വീകരിക്കണം. സ്ഥലം വാങ്ങി കെട്ടിടം കെട്ടാൻ തയ്യാറാണെന്ന് അറിയിച്ച കുഴിമണ്ണ പഞ്ചായത്തിൽ ഒരു ആയുർവ്വേദ ആശുപത്രി നിർമ്മിക്കുന്നതിനാവശ്യമായ അനുമതി നൽകുകയും കോട്ടയ്ക്കലിൽ കേന്ദ്ര ആയുർവ്വേദ സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്യണം.

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റിന്റെ കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തനംകൊണ്ട് കേരളത്തിലെ ആരോഗ്യസ്ഥിതി മെച്ചമായിട്ടുണ്ട്. ഇന്ന് ആരോഗ്യമേഖല നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം

പ്ലാസ്റ്റിക്കാണ്. ഇന്ത്യയിൽ ഏകദേശം 30 ദശലക്ഷം ടൺ ക്രൂഡ് ഇറക്കുമതി ചെയ്ത് അതു കൺവർട്ടു ചെയ്താണ് പ്ലാസ്റ്റിക്കുണ്ടാക്കുന്നത്. ലോകത്ത് ഉല്പാദിപ്പിക്കുന്ന പ്ലാസ്റ്റിക്കിന്റെ 3.5% മാത്രമേ പുനരുൽപ്പാദനത്തിന് ഉപയോഗിക്കുന്നുള്ളൂ. ബാക്കിയുള്ളത് ഭൂമിയിലും സമുദ്രത്തിലും അടിഞ്ഞുകൂടി ജീവജാലങ്ങൾക്ക് ഭീക്ഷണിയായി മാറുന്നു. പ്ലാസ്റ്റിക്ക് കത്തിക്കുമ്പോൾ അത് അന്തരീക്ഷ മലിനീകരണമുണ്ടാക്കുകയും താപനില കൂട്ടുകയും ചെയ്യുന്നു. അതുകൊണ്ട് കേരളത്തിൽ പ്ലാസ്റ്റിക്ക് പൂർണ്ണമായും നിരോധിക്കുന്നതിന് തീരുമാനമെടുക്കണം.

<u>ശ്രീ. കെ. രാജു</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യ മേഖലയിലും സാമൂഹ്യക്ഷേമ മേഖലയിലും കഴിഞ്ഞ രണ്ടുവർഷക്കാലമായി വമ്പിച്ച പ്രവർത്തന പുരോഗതിയുണ്ടായിട്ടുണ്ട്. യു.ഡി.എഫ്. ഭരണകാലത്ത് പ്രൈമറി ഹെൽത്ത് സെന്ററുകളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും താലൂക്ക് ആശുപത്രികളിലും ആവശ്യത്തിന് മരുന്നും ഡോക്ടർമാരുമില്ലാത്ത സ്ഥിതിയായിരുന്നുവെങ്കിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിന്റെയും എൻ.ആർ.എച്ച്.എം.ന്റെയും പ്രവർത്തനം സംയോജിപ്പിച്ചുകൊണ്ട് ആ സ്ഥിതിക്കു മാറ്റം വരുത്താൻ കഴിഞ്ഞിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട് ഈ രംഗത്ത് നിരവധി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ട്. അംഗവൈകല്യമുള്ളവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുമുള്ള പ്രതിമാസ പെൻഷൻ 200 രൂപയായും 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കും വിധവകൾക്കുമുള്ള പെൻഷൻ പ്രതിമാസം 200 രൂപയായും വർദ്ധിപ്പിക്കുന്നതിനും 20 വയസ്സിനുമുകളിൽ പ്രായമുള്ള ആൺമക്കളുള്ള വിധവകൾക്കുകൂടി പ്രസ്തുത

ആനുകൂല്യം നൽകുന്നതിനും തീരുമാനിച്ചു. സ്ത്രീ ശാക്തീകരണം ലക്ഷ്യ മാക്കി തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സാമൂഹ്യക്ഷേമ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന കുടുംബശ്രീ പദ്ധതിയുടെ ഫലമായി സ്ത്രീകൾക്ക് കൂടുതൽ രംഗങ്ങളിൽ മുന്നേറാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും തൊഴിൽ മേഖലയിലും സാമൂഹ്യ മേഖലയിലും തുല്യ പദവി ലഭിക്കുന്നില്ല. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് 'വനിതാ നയം 2008' പ്രഖ്യാപിക്കുകയുണ്ടായി. കഴിഞ്ഞ രണ്ടുവർഷക്കാലമായി കുടും ബശ്രീ മേഖലയിലും സ്ത്രീകളുമായി ബന്ധപ്പെട്ട രംഗങ്ങളിലും വളരെ അനുകൂലമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. 6000-ലധികം പുതിയ അംഗൻവാടികൾ സ്ഥാപിക്കുകയും അംഗൻവാടി ടീച്ചർമാരുടേയും ഹെൽപ്പർമാരുടേയും വേതനം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അംഗൻവാടികളിൽ ഭക്ഷണം പാചകം ചെയ്യുന്നതിന് ചെലവിനത്തിൽ അനുവദിച്ചിരിക്കുന്ന ഒരു കുട്ടിക്ക് 20 പൈസ എന്ന നിരക്ക് വർദ്ധിപ്പിക്കു ന്നതിനും അംഗൻവാടികളിൽ ഗ്യാസ് കണക്ഷൻ നൽകുന്നതിനും നടപടിയു ണ്ടാകണം. വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പുതിയ ആശുപത്രികൾ സ്ഥാപിക്കുന്നതിനും അത്യാവശ്യം വേണ്ട ആശുപത്രികൾ അപ്ഗ്രേഡേഷൻ നടത്തി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും തയ്യാറാകണം.

ശ്രീ. തോമസ് ചാഴികാടൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. രോഗാതുരമായ ആരോഗ്യവകുപ്പാണ് ഇന്ന് സംസ്ഥാനത്തുള്ളത്. ആശുപത്രി കളിൽ ആവശ്യത്തിന് ഡോക്ടർമാരും മരുന്നുമില്ല. ഓപ്പറേഷനുകൾ നടത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. ബി.പി.എൽ. വിഭാഗ ത്തിൽപ്പെട്ട രോഗികൾക്ക് ചികിത്സാ സൗജന്യം പ്രഖ്യാപിച്ചുവെങ്കിലും ഇതു

വരെ അതിന്റെ ആനുകൂല്യം നൽകിയിട്ടില്ല. മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രവർത്തനം ആരംഭിച്ചുവെങ്കിലും ആശുപത്രികളിൽ ആവശ്യത്തിന് മരുന്ന് ലഭിക്കുന്നില്ല. ലോക്കൽ പർച്ചേസ് നടത്തിയ മരുന്നിന്റെ പണം കൊടുക്കാൻ കഴിയാത്തതിനാൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻപോലും മരുന്നുവിതരണം നിറുത്തിവച്ച സാഹചര്യമാണ് നിലനിൽക്കുന്നത്. കോട്ടയം മെഡിക്കൽ കോളേജിൽ അനസ്തറ്റിസ്റ്റിനെ നിയമിക്കാത്തതിനാൽ ഓപ്പറേഷൻ നടത്താൻ കഴിയുന്നില്ല. ഇത്തരം പ്രശ്നങ്ങൾക്ക് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കണം. ചില ആശുപത്രികളിൽ കെട്ടിക്കിടക്കുന്ന മരുന്ന് വിതരണം ചെയ്യുന്നതിനുള്ള നടപടിയുണ്ടാകണം. ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റിയിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തുന്നതിനും ഹോസ്പിറ്റൽ മാനേജുമെന്റിൽ പരിചയമുള്ള ആളുകളെ മെഡിക്കൽ കോളേജുകളിലെ സൂപ്രണ്ടുമാരായി നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് മിടുക്കന്മാരായ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനും അവരുടെ ന്യായമായ ആവശ്യങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. ഹെപ്പറ്റൈറ്റിസ്-ഇ, ജപ്പാൻ ജ്വരം തുടങ്ങിയ പകർച്ച വ്യാധികൾക്കെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കണം. കോട്ടയം മെഡിക്കൽ കോളേജിൽ പുതുതായി ആരംഭിക്കേണ്ടിയിരുന്ന കാഷ്വാലിറ്റി ബ്ലോക്കിന്റേയും സ്വീവേജ് പ്ലാന്റിന്റെയും എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള നഴ്സിംഗ് കോളേജിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിക്കണം. കൂടാതെ അവിടെ

റീജിയണൽ ഇൻസ്റ്റിസ്റ്റിറ്റ്യൂട്ട് ഫോർ എപ്പിഡമിക് മാനേജുമെന്റും മെഡിക്കൽ യൂണിവേഴ്സിറ്റിയും ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. ജോസ് തെറ്റയിൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുജനാരോഗ്യ രംഗത്ത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പ്രതാപം വീണ്ടെടുക്കാനുള്ള കൂട്ടായ പരിശ്രമം സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ ശോച്യാവസ്ഥ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം. എൻ.ആർ.എച്ച്.എം. ന്റെ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കണം. സ്ഥലംമാറ്റ കാര്യത്തിൽ ഉണ്ടായിരുന്ന അഴിമതി അവസാനിപ്പിക്കാൻ കഴിഞ്ഞു. ആശുപത്രികളിലെ ഒ.പി. സമയം പുനർനിർണ്ണയിച്ചു. ഡോക്ടർമാരുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്താൻ കഴിഞ്ഞു ഹോസ്പിറ്റൽ മാനേജുമെന്റിന്റെ പ്രവർത്തനത്തിൽ പൊതുപ്രവർത്തകരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കണം. എറണാകുളം ജനറൽ ആശുപത്രിയിൽ ഒരു സി.ടി. സ്കാൻ യൂണിറ്റ് സ്ഥാപി ച്ചതിൽ അഭിനന്ദനം അറിയിക്കുന്നു. എറണാകുളം കോ-ഓപ്പറേറ്റീവ് മെഡി ക്കൽ കോളേജിൽ ഒരു പോലീസ് സർജനെ നിയമിക്കണം. കേരളാ മെഡി ക്കൽ സർവ്വീസ് കോർപ്പറേഷൻ രൂപീകരണം സ്വാഗതാർഹമാണ്. മരുന്ന് വിതരണം കാര്യക്ഷമമായി നടത്തുന്നതിന് ഇത് വളരെ സഹായകരമായിരിക്കും. അങ്കമാലിയിൽ ഒരു ആയുർവേദ ആശുപത്രിയും മലയാറ്റൂരിൽ ഒരു ഹോമിയോ ആശുപത്രിയും ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. വി. സുരേന്ദ്രൻ പിള്ള: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യമുള്ള ജനതയാണ് സംസ്ഥാനത്തിന്റെ സമ്പത്ത്. ആരോഗ്യരംഗത്ത് ഒട്ടനവധി കാര്യങ്ങൾ ചെയ്യാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു.

ഡോക്ടർമാർക്ക് സ്പെഷ്യൽ പേയും അലവൻസും അനുവദിച്ചു. എൻ.ആർ.എച്ച്.എം, എസ്.എസ്.എ. ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞു. പ്രതിബദ്ധതയോടും ഇച്ഛാശക്തിയോടും കൂടിയുള്ള ശക്തമായ പ്രതിരോധപ്രവർത്തനങ്ങളുടെ ഫലമായി ചിക്കുൻഗുനിയ പോലുള്ള പകർച്ചവ്യാധികളിൽനിന്നും കേരള ജനതയെ രക്ഷിക്കാൻ ആരോഗ്യവകുപ്പിനു കഴിഞ്ഞു. 73 കോടി രൂപ മുടക്കി തീരദേശത്തെ 126 ആശുപത്രികളുടെ പ്രവർത്തനം വിപുലപ്പെടുത്താനും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താനും കഴിഞ്ഞു. മൂന്ന് മെഡിക്കൽ കോളേജുകളിൽ 50 സീറ്റ്വീതം വർദ്ധിപ്പിച്ചു. തിരുവനന്തപുരം ജില്ലയിലെ ഫോർട്ട് ആശുപത്രിയുടെയും ജനറൽ ആശുപത്രിയുടെയും സൗകര്യങ്ങൾ കുറച്ചു കൂടി മെച്ചപ്പെടുത്തി 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്തണം. വെട്ടുകാടിൽ ഒരു പി.എച്ച്.സി. ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മനസ്സും ശരീരവും ജീവശക്തിയും ചേർന്നാണ് ചികിത്സാ സമ്പ്രദായം മുന്നോട്ടു പോകുന്നത്. രാഷ്ട്രവും രാഷ്ട്രീയവുമായി ചികിത്സാ സമ്പ്രദായം ബന്ധപ്പെട്ടു കിടക്കുന്നു. ഗ്ലോബലൈസേഷന്റെ ഫലമായിട്ടാണ് വളരെ ശ്രദ്ധേയമായ രീതിയിൽ മുന്നോട്ടു പോയിക്കൊണ്ടിരുന്ന പൊതുജനാരോഗ്യരംഗം പിന്നോട്ടു മാറാൻ തുടങ്ങിയത്. ഗ്ലോബലൈസേഷന്റെ ഭാഗമായി എം.ആർ.പി. എടുത്തു കളയുകയും പ്രോസസ്സ് പേറ്റന്റ് സമ്പ്രദായം മാറി പ്രോഡക്ട് പേറ്റന്റ് സമ്പ്രദായം നിലവിൽ വരികയും ചെയ്തു. ഇതിനു കാരണക്കാർ കേന്ദ്രം ഭരിക്കുന്ന അധികാരി വർഗ്ഗമാണ്. ബി.പി.എൽ./എ.പി.എൽ. കാർഡ് സിസ്റ്റം കൊണ്ടു വന്നത് സെൻട്രൽ ഗവൺമെന്റാണ്. കേന്ദ്രാവി

ഷ്കൃത പദ്ധതിയായ എൻ.ആർ.എച്ച്.എം. കേരളത്തിന്റെ പരിസ്ഥിതിക്ക് അനുയോജ്യമല്ല. ലോകാരോഗ്യ സംഘടന നിരോധിച്ച നിരവധി മരുന്നുകൾ ഇന്ത്യയിൽ യഥേഷ്ടം വിറ്റഴിക്കുന്നുണ്ട്. പ്രസ്തുത മരുന്നുകൾ കേന്ദ്ര ഗവൺമെന്റ് നിരോധിക്കാത്തതിനുള്ള കാരണമെന്താണെന്ന് മനസ്സിലാകുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ രംഗത്ത് വളരെ മെച്ചപ്പെട്ട സേവനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. രോഗപ്രതിരോധ നടപടിയും ശുചിത്വവും ഉറപ്പാക്കിയതുകൊണ്ട് പല പകർച്ചവ്യാധികളും നിർമ്മാർജ്ജനം ചെയ്യാൻ സാധിച്ചു. എൻഡോസൾഫാന്റെ ഉപയോഗം നിറുത്തിവയ്ക്കാനും കൊതുകു നശീകരണത്തിന് ജൈവ മരുന്ന് ഉപയോഗിക്കാനും നടപടി സ്വീകരിച്ചു. ഗവൺമെന്റ് ഉടമയിലുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളുടെ അപര്യാപ്തതമൂലം റവന്യൂ വരുമാനം നഷ്ടപ്പെടുന്നതിനാലും ടെസ്റ്റ് റിസൽട്ടിൽ കൃത്യത ഉറപ്പുവരുത്താൻ കഴിയാത്തതിനാലും എറണാകുളം ജില്ലയിലെ കാക്കനാട് സിവിൽ സ്റ്റേഷന് സമീപം സർക്കാർ അക്വയർ ചെയ്ത സ്ഥലത്ത് റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. 1957-ലെ ഗവൺമെന്റ് തുടങ്ങിവച്ച ആരോഗ്യ പരിരക്ഷയുടെ ഭാഗമായി കേരളത്തിൽ കുഷ്ഠരോഗം ഇല്ലാതാക്കാൻ സാധിച്ചു. സ്വകാര്യ ആശുപത്രികളിൽ നടത്തുന്ന ചികിൽസയുടെ വിവരങ്ങൾ ലഭ്യമാക്കുന്നത് നിർബന്ധമാക്കാൻ നിയമനിർമ്മാണം നടത്തുന്നതിനും വിവരാവകാശ സെൽ രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. എയ്ഡ്സ് ചികിൽസ കൂടുതൽ കാര്യക്ഷമമാക്കണം. രണ്ട് വർഷക്കാലത്തിനിടയിൽ സർക്കാർ ആശുപത്രികളിൽ കൂടുതൽ മരുന്ന് ലഭ്യമാക്കാനും കോഴിക്കോട് മെഡിക്കൽ കോളേജിൽ എം.ആർ.ഐ. സ്കാൻ ആരംഭിക്കാനും അടച്ചുപൂട്ടിയിരുന്ന

ആലപ്പുഴയിലുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് തുറന്ന് പ്രവർത്തനം ആരംഭിക്കാനും നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്.

ശ്രീ. പി.സി. ജോർജ് : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റികളിൽ എം.എൽ.എ മാരുടെ പങ്കാളിത്തം നിലനിറുത്തണം. മലേറിയ, ചിക്കുൻ ഗുനിയ തുടങ്ങിയ രോഗ ങ്ങൾക്കുള്ള മരുന്ന് ലഭ്യമാക്കണം. ആശുപത്രികളിൽ ഉപയോഗിച്ച സിറിഞ്ച് വീണ്ടും ഉപയോഗിക്കുന്നത് ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കും. ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ നിന്നും പാസ്സായി വരുന്ന ഡോക്ടർമാർ 15 വർഷമെങ്കിലും കേരളത്തിൽ സേവനം അനുഷ്ഠിക്കുന്നതി നാവശ്യമായ നിയമം കൊണ്ടുവരണം. ഡോക്ടർമാർക്ക് മെച്ചപ്പെട്ട വേതനം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. എ. പ്രദീപ് കുമാർ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യ വകുപ്പിൽ രണ്ട് വർഷത്തിനുള്ളിൽ മെച്ചപ്പെട്ട രീതിയിലുള്ള ധനവി നിയോഗമാണ് നടത്തിയിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാന പദ്ധതിയിലും കേന്ദ്രാവിഷ്കൃത പദ്ധതിയിലുമായി 82 ശതമാനം ഫണ്ട് വിനി യോഗിക്കാൻ സാധിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിലെ ന്യൂറോ ഡിപ്പാർട്ടുമെന്റ് ശ്രീചിത്രാ ആശുപത്രിയുടെ നിലവാരത്തിലേയ്ക്കും ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തെ ദേശീയ നിലവാരത്തിലേയ്ക്കും ഉയർത്താൻ നടപടി സ്വീകരിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിൽ എം.ആർ.ഐ. സ്കാൻ സ്ഥാപിക്കാനും പ്രൈമറി ഹെൽത്ത് സെന്ററുക ളേയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളേയും പുനരുജ്ജീവിപ്പിക്കാനും നടപടി സ്വീകരിച്ചു. രണ്ട് വർഷത്തിനുള്ളിൽ ആരോഗ്യ മേഖലയിലെ വിവിധ തസ്തികകളിലായി 7001 പേർക്ക് പി.എസ്.സി. വഴി നിയമനം നൽകി. പി.ജി.

കോഴ്സ് പൂർത്തിയാക്കിയ ഡോക്ടർമാർക്ക് ഗ്രാമീണ സേവനം നിർബന്ധമാക്കി. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവ് നികത്താൻ നടപടി സ്വീകരിക്കണം. കോട്ടപ്പുറത്തെ ഹോസ്പിറ്റലിൽ ആധുനിക രീതിയിലുള്ള ബ്ളഡ് ബാങ്കും ന്യൂബോൺ നഴ്സറിയും സ്ഥാപിച്ചു. ബീച്ച് ആശുപത്രി നവീകരിക്കാൻ നടപടി സ്വീകരിച്ചു. പൊതുമേഖലാ മരുന്നു കമ്പനിയായ കെ.എസ്.ഡി.പി-യെ പുനരുദ്ധരിപ്പിച്ചു. ഡോക്ടർമാർക്ക് പി.ജി ചെയ്യുന്നതിനുള്ള സർവ്വീസ് ക്വാട്ട പുന:സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചു. ആശുപത്രി വികസന സമിതിയിൽ എം.എൽ.എ. പ്രാതിനിധ്യം ഉണ്ടാകുന്നത് നല്ലതാണ്. ഗവൺമെന്റ് മേഖലയിൽ രണ്ട് നഴ്സിംഗ് കോളേജുകൾ ആരംഭിച്ചു. കെ.എച്ച്. ആർ.ഡബ്ള്യു.എസ്സ്-ൽ നടന്ന അഴിമതികളെക്കുറിച്ച് അന്വേഷിക്കണം.

<u>ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമഗ്രമായ ഒരു ആരോഗ്യനയം പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കണം. പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജുകൾവരെയുള്ള ആശുപത്രികളിലെ ചികിത്സാ സംവിധാനം ശക്തിപ്പെടുത്തണം. സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ ഇൻഡ്യൻ പബ്ളിക് ഹെൽത്ത് സ്റ്റാൻഡേർഡിൽ ഉയർത്താനുള്ള പ്രവർത്തനം നടത്തുന്നത് സ്വാഗതാർഹമാണ്. 115 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്കും 5 സ്പെഷ്യാലിറ്റി യൂണിറ്റുകൾക്കും ആവശ്യമായ കെട്ടിട സൗകര്യങ്ങളും മറ്റ് ഭൗതിക സാഹചര്യങ്ങളും ഒരുക്കുന്നത് ഈ ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. സി.എച്ച്.സി.കളുടെയും തീരദേശ ആശുപത്രികളുടെയും പി.എച്ച്.സി.കളുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വാഗതാർഹമാണ്. സംസ്ഥാനത്തെ മൂന്ന് സർക്കാർ മെഡിക്കൽ കോളേജുകളിൽ 50 സീറ്റുകൾ വീതം

വർദ്ധിപ്പിക്കുകയും രണ്ട് പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുകയും സംസ്ഥാനത്തെ 5 സർക്കാർ മെഡിക്കൽ കോളേജുകളും നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് പുനരുജ്ജീവിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. തിരുവനന്തപുരം ആർ.സി.സി.യിലെ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്. കേന്ദ്ര ഗവൺമെന്റിന്റെ സഹായംകൂടി ലഭ്യമാക്കിക്കൊണ്ട് മലബാർ കാൻസർ സെന്റർ ആധുനികവത്കരിക്കുന്നതിന് നടപടി സ്വീകരിക്കണം. പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും ഡോക്ടർമാരുടെ ഒഴിവുകൾ നികത്തണം. നിയമനം ലഭിച്ച സ്ഥലങ്ങളിൽത്തന്നെ ചുമതല ഏറ്റെടുക്കാൻ ഡോക്ടർമാർക്ക് കർശന നിർദ്ദേശം നൽകണം. ചിക്കുൻഗുനിയ ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ തടയുന്നതിന് ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചു. ശുചീകരണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകണം. ആയുർവേദ-ഹോമിയോ വിഭാഗങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിച്ചു. ദേശീയ ഗ്രാമീണ ആരോഗ്യ പരിപാടിയിൽ ആയുർവേദത്തെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വാഗതാർഹമാണ്. ക്ഷയരോഗത്തിനുള്ള സൗജന്യ മരുന്നു വിതരണത്തിലുണ്ടായ തടസ്സം നീക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. സാമൂഹ്യക്ഷേമ വകുപ്പിനെ സമ്പൂർണ്ണ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ വേദിയാക്കിമാറ്റാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. അംഗൻവാടികളുടെ പ്രവർത്തനം ശക്തിപ്പെടുത്തി. അംഗൻവാടി ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. വയോജനനയം പ്രാവർത്തികമാക്കുന്നതിന് കാര്യക്ഷമമായ നടപടി ഉണ്ടാകണം.

വൃദ്ധസദനങ്ങൾക്ക് ആവശ്യമായ മരുന്ന്, ഭക്ഷണം, മറ്റ് സാങ്കേതിക സൗകര്യങ്ങൾ എന്നിവ ചെയ്തുകൊടുക്കുന്നതിന് ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണം. വികലാംഗക്ഷേമ പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന നൽകണം. പുനരധിവാസ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കണം. ആശ്രയയുടെ പ്രവർത്തനങ്ങൾക്ക് ഗവൺമെന്റിന്റെ പ്രത്യേക ശ്രദ്ധ വേണം. രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കണം.

ശ്രീ.കെ.വി. അബ്ദുൾഖാദർ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ കേരളം ഇൻഡ്യയ്ക്കാകെ മാതൃകയാണ്. കഴിഞ്ഞ രണ്ടു വർഷംകൊണ്ട് ആരോഗ്യമേഖലയിൽ ശ്രദ്ധേയമായ ചുവടുവയ്പ് നടത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി ഗുണനിലവാരമുള്ള ചികിത്സ ലഭ്യമാക്കുകയാണ് ഈ ഗവൺമെന്റിന്റെ നയം. 115 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്കും 5 സ്പെഷ്യാലിറ്റി യൂണിറ്റുകൾക്കും ആവശ്യമായ കെട്ടിട സൗകര്യങ്ങളും മറ്റ് ഭൗതിക സാഹചര്യങ്ങളും ഒരുക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. 80 സി.എച്ച്.സി.കൾ ആരംഭിച്ചു. ആശുപത്രികളിൽ സ്പെഷ്യലൈസ്ഡ് ഡോക്ടർമാരെ നിയമിച്ചുകൊണ്ട് 24 മണിക്കൂറും സേവനം ലഭ്യമാക്കുന്ന നടപടികൾ തുടങ്ങിക്കഴിഞ്ഞു. സംസ്ഥാനത്തെ 126 ആശുപത്രികൾ സുനാമി ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് നവീകരിച്ചുകൊണ്ടിരിക്കുകയാണ്. താലൂക്ക് ആശുപത്രികളുടെ നവീകരണ പ്രവർത്തനങ്ങൾ വേഗതയിലാക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ ഉണ്ടാകണം. 110 ബ്ളോക്ക് പി.എച്ച്.സി.കൾ ദേശീയ നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഈ വർഷം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. ഡോക്ടർമാരുടെ ഒഴിവുകൾ

നികത്തുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനധികൃതമായി ജോലിക്ക് ഹാജരാകാത്ത 224 ഡോക്ടർമാരെ സർവ്വീസിൽനിന്ന് പിരിച്ചുവിടുകയുണ്ടായി. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം ഊർജ്ജിതമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ചിക്കുൻഗുനിയ ഉൾപ്പെടെയുള്ള പകർച്ചപ്പനി തടയുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ച് പ്രവർത്തനം നടത്തിവരുന്നു. ആലപ്പുഴയിൽ പ്രവർത്തനം നിലച്ച വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് പുനരുജ്ജീവിപ്പിക്കാൻ ഗവൺമെന്റിന് സാധിച്ചു. ആരോഗ്യമേഖലയിലെ ശുചീകരണ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനും ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ രൂപീകരിച്ചുകൊണ്ട് കുറഞ്ഞവിലയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിന് കഴിഞ്ഞു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് മരുന്ന് വാങ്ങിക്കുന്നതിന് ഉപയോഗിക്കാൻ കഴിഞ്ഞു. എം.ബി.ബി.എസ്-ന് മൂന്ന് സർക്കാർ മെഡിക്കൽ കോളേജുകളിൽ 50 സീറ്റുകൾ വീതം വർദ്ധിപ്പിച്ചു. സർക്കാർ മേഖലയിൽ രണ്ട് പുതിയ നഴ്സിംഗ് കൊളേജുകൾ ആരംഭിച്ചു. 5 സർക്കാർ മെഡിക്കൽ കോളേജുകളിലും നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും പുതിയ മെഷീണറികൾ സ്ഥാപിക്കുന്നതിനും കഴിഞ്ഞു. നിർദ്ദിഷ്ട മെഡിക്കൽ സർവ്വകലാശാല തൃശ്ശൂരിൽ സ്ഥാപിക്കണം. ഗർഭസ്ഥ ശിശു പരിശോധനയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തണം. സർക്കാർ ആശുപത്രികളോട് ചേർന്നുള്ള സ്ഥലങ്ങൾ പൂർണ്ണമായി വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തണം. ആശുപത്രികളിലെ തെറ്റായ ചെയ്തികളെ നിയന്ത്രിക്കാൻ കഴിയണം. മാലിന്യ സംസ്ക്കരണം ഫലപ്രദമായി നടപ്പാക്കണം.

<u>ശ്രീ.ജോർജ് മേഴ്സിയർ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കെട്ടുറപ്പും ദിശാബോധമില്ലാത്തതും ജനാധിപത്യത്തിന്റെ അടിസ്ഥാന തത്വങ്ങളോട് യാതൊരു തരത്തിലുള്ള ആഭിമുഖ്യമോ ബഹുമാനമോ ഇല്ലാത്തതുമായ ഒരു സർക്കാരാണ് കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത്. ഗവൺമെന്റിന്റെ സഹിഷ്ണുത ഇല്ലായ്മകൊണ്ട് നിരവധി അനർത്ഥങ്ങൾ ഉണ്ടാകുകയാണ്. പൊതുജനാരോഗ്യ കാര്യത്തിൽ കേരളം പ്രതിസന്ധിയിലാണ്. ഓരോ വർഷം കടന്നുപോകുമ്പോഴും യുണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ താഴ്ന്നുപോകുകയാണ്. ഭൂമി-മണൽ മാഫിയകളുടെ പ്രവർത്തനം വ്യാപിച്ചതോടുകൂടി ഭൂമിയുടെ താളക്രമം തെറ്റുകയാണ്. പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നു. മാലിന്യ സംസ്ക്കരണത്തിന് മുനിസിപ്പാലിറ്റികളും നഗരസഭകളും നടപടി സ്വീകരിക്കുന്നില്ല. എൻ.ആർ.എച്ച്.എം-ന്റെ വിപുലമായ സാധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽനിന്ന് പഠിച്ചിറങ്ങുന്ന മിടുക്കരായ ഡോക്ടർമാരെ ഇവിടെത്തന്നെ നിലനിറുത്തുന്നതിന് സാധിക്കണം. സർക്കാർ ആശുപത്രികളുടെ കാര്യക്ഷമതയില്ലായ്മകൊണ്ടാണ് സ്വകാര്യ മേഖല വളരുന്നത്. ആരോഗ്യവകുപ്പിൽ പദ്ധതിച്ചെലവ് കുറഞ്ഞുവരുന്നത് ആശാവഹമല്ല. എൻ.ആർ.എച്ച്.എം.-ന്റെ കേന്ദ്രസഹായം പരമാവധി പ്രയോജനപ്പെടുത്താൻ കഴിയണം. എയ്ഡ്സ് രോഗികളുടെ ഭയാശങ്ക ഒഴിവാക്കി അവർക്ക് ആശ്വാസകരമായ ചികിത്സ ലഭ്യമാക്കണം. പേപ്പട്ടി വിഷത്തിനുള്ള വാക്സിൻ എല്ലാ ആശുപത്രികളിലും ലഭ്യമാക്കുകയും സർക്കാർ ആശുപത്രികളിൽ ഉയർന്ന ഗുണനിലവാരമുള്ള മരുന്നുകൾ നൽകുകയും വേണം. സർക്കാർ

ആശുപത്രികളിൽ കുറഞ്ഞ ചെലവിൽ ഡയാലിസിസ് നടത്താനുള്ള സംവിധാനം സജ്ജമാക്കണം.

<u>ശ്രീ. രാജു എബ്രഹാം</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ പ്ലാൻ ചെലവ് കുറയുന്നു എന്ന ധാരണ പരത്താനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ആവശ്യത്തിന് മരുന്നും ഡോക്ടറുമില്ലാതെ തകർന്നു കിടന്ന ആരോഗ്യമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ മേഖലയിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ രൂപീകൃതമായതോടെ മരുന്നുകളുടെ വിലയിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. വ്യാജമരുന്നുകൾ സർക്കാർ ആശുപത്രികളിലെ സ്റ്റോറുകളിൽ മുൻ കാലങ്ങളിൽ കെട്ടിക്കിടന്നിരുന്നു. മാർക്കറ്റ് റേറ്റിനേക്കാൾ കുറഞ്ഞ വിലയ്ക്ക് ഭൂരിപക്ഷം മരുന്നുകളും ഇപ്പോൾ ലഭ്യമാകുന്നുണ്ട്. എൻ.ഐ.പി. (നാഷണൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം) അനുസരിച്ച് പ്രതിരോധ വാക്സിനുകൾ ഉണ്ടാക്കുന്ന നടപടികൾ ഇന്ത്യാ ഗവൺമെന്റ് നിറുത്തിവച്ചിരിക്കുകയാണ്. ഇത് ശിശുമരണ നിരക്കുകൾ വർദ്ധിപ്പിക്കുന്ന തിന് ഇടയാക്കും. സ്വകാര്യ വ്യക്തികളിൽനിന്നും നാലിരട്ടി വിലയ്ക്ക് ഈ മരുന്നുകൾ വാങ്ങേണ്ട അവസ്ഥ ഒഴിവാക്കണം. ഡ്രഗ്സ് കൺട്രോളറുടെ അധികാരകേന്ദ്രീകരണംമൂലം സംസ്ഥാനത്തെ ചെറുകിട മരുന്നു യൂണിറ്റുകൾ അടച്ചുപൂട്ടേണ്ടിവരും. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 120 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ കോബാൾട്ട് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. സർക്കാർ കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പ് കോഴിക്കോട്, തിരുവനന്തപുരം

മെഡിക്കൽ കോളേജ് ആശുപത്രികളെ മാതൃകാ മെഡിക്കൽ കോളേജ് ആശുപത്രികളാക്കി ഉയർത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആലപ്പുഴ ജില്ലയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെ 16 കോടി രൂപ മുടക്കി വികസിപ്പിച്ചു. 650-ഓളം ഡോക്ടർമാരെ നിയമിക്കാൻ കഴിഞ്ഞിട്ടുണ്ട്. ചാർജ്ജെടുത്തശേഷം അവധിയിൽ പോയ 224 ഡോക്ടർമാരെ പിരിച്ചുവിടാനുള്ള ധൈര്യം കാണിച്ച ഗവൺമെന്റാണിത്. ആരോഗ്യമേഖല യിൽ കൂടുതൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഡോക്ടർമാർക്ക് മെച്ചപ്പെട്ട വേതനം നൽകാനും ആശുപത്രിയോടനുബന്ധിച്ചു തന്നെ പാർപ്പിട സൗകര്യം അനുവദിക്കാനും സാധിക്കണം. ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ തിരുവനന്തപുരം ലാബ് വിപുലീകരിക്കണം. ആശുപത്രി വികസന സമിതിയിൽ എം.എൽ.എ.മാർ പങ്കാളികളാകുന്നത് അഭികാമ്യമായിരിക്കും. ശബരിമലയിൽ ഒരു ഓപ്പറേഷൻ തിയേറ്റർ ആരംഭിക്കാൻ കഴിഞ്ഞത് പ്രശംസനാർഹമാണ്.

ശ്രീ. ബാബു പോൾ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുജനാരോഗ്യ മേഖലയെ ജീവൻരക്ഷാ മരുന്ന് നൽകി പുനരുജ്ജീവിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് സർക്കാർ കഴിഞ്ഞ രണ്ടുവർഷമായി നടത്തിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരോഗ്യ മേഖല അനാരോഗ്യ മേഖലയായിരുന്നു. ഒരു ആശുപത്രിയിലും ആവശ്യമായ ഡോക്ടർമാരോ, നേഴ്സുമാരോ, മരുന്നോ ഉണ്ടായിരുന്നില്ല. ജനങ്ങൾ ചികിത്സ തേടി സ്വകാര്യ ആശുപത്രിയെ ആശ്രയിക്കേണ്ട അവസ്ഥയാണുണ്ടായിരുന്നത്. പൊതുജനാരോഗ്യ മേഖലയിൽ നിന്നുമുള്ള സർക്കാരിന്റെ പിൻവാങ്ങലായിരുന്നു അതെങ്കിൽ

ഇപ്പോൾ ആരോഗ്യ വകുപ്പിന് നഷ്ടപ്പെട്ടുപോയ പ്രതാപം വീണ്ടെടുക്കാനുള്ള ഭഗീരഥ പ്രയത്നമാണ് സർക്കാർ നടത്തുന്നതെന്നുള്ള കാര്യം മഞ്ചേശ്വരം മുതൽ പാറശ്ശാല വരെ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. പൊതുജനാരോഗ്യ മേഖല ശക്തിപ്പെടുത്തി പാവപ്പെട്ടവർക്ക് ഗുണനിലവാരമുള്ള ചികിത്സാ സൗകര്യം ഏർപ്പെടുത്തുവാൻ അനവധി നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് പ്രാഥമിക പരിഗണന നൽകി. പി.എസ്.സി. മുഖേന 579 ഡോക്ടർമാരെ നിയമിക്കുകയും എൻ.ആർ.എച്ച്.എം. വഴി 700-ൽ പരം ഡോക്ടർമാരെ നിയമിക്കുകയും ചെയ്തു. പുതിയ പി.എസ്.സി. റാങ്ക് ലിസ്റ്റ് വരുന്ന മുറയ്ക്ക് പൂർണ്ണമായി ഡോക്ടർമാരുടെ ഒഴിവുകൾ നികത്തണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമന നിരോധനമാണ് ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ ആരോഗ്യ വകുപ്പിൽ മാത്രം 400 തസ്തികകൾ സൃഷ്ടിക്കുവാൻ സർക്കാർ അനുമതി നൽകി. ജോലിക്ക് ഹാജരാകാത്ത ഡോക്ടർമാരെ ധൈര്യപൂർവ്വം പിരിച്ചയയ്ക്കുന്ന നിലപാട് സ്വീകരിച്ചതിന്റെ ഫലമായി ഇപ്പോൾ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാർ, നേഴ്സുമാർ, മരുന്ന് എന്നിവ ലഭ്യമാവുകയും രോഗികൾക്ക് ധൈര്യപൂർവ്വം സർക്കാർ ആശുപത്രികളിൽ കയറിച്ചെല്ലാൻ സാധിക്കുകയും ചെയ്യുന്നുണ്ട്. CHC, PHC എന്നിവയെ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താനാവശ്യമായ നിലപാട് സ്വീകരിച്ചുകൊണ്ടിരിക്കുന്നത് അഭിനന്ദനാർഹമാണ്. ആവശ്യമായ പദ്ധതികൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ച് 133 കോടി രൂപ വാങ്ങി എൻ.ആർഎച്ച്.എം.ന്റെ പ്രവർത്തനങ്ങൾ സജീവമാക്കാൻ സാധിച്ചിട്ടുണ്ട്. സർക്കാർ മേഖലയിൽ രണ്ട്

നേഴ്സിംഗ് കോളേജുകൾ പുതിയതായി ആരംഭിക്കാൻ കഴിഞ്ഞു. മെഡിക്കൽ കോളേജ് ആശുപത്രിയുടെയും ആർ.സി.സി.യുടെയും വികസനം സമയബന്ധിതമായി നടത്തി അവയെ ജനോപകാരപ്രദമായ സ്ഥാപനങ്ങളാക്കി മാറ്റിയെടുക്കാൻ കഴിഞ്ഞു. ആരോഗ്യ മേഖലയിലും ആരോഗ്യ പരിപാലന രംഗത്തും നിലനിന്നിരുന്ന അഴിമതി തുടച്ചു നീക്കാൻ കർശനമായ നിലപാടാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ രൂപീകരിച്ച് സുതാര്യമായ രീതിയിൽ മരുന്നു വാങ്ങാൻ തുടങ്ങിയിട്ടുണ്ട്. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് തുറന്ന് പ്രവർത്തിപ്പിക്കാനും അലോപ്പതി രംഗത്ത് ഒട്ടേറെ മാറ്റങ്ങളുണ്ടാക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. ആയുർവേദ-ഹോമിയോ ചികിത്സാ രീതികൾ കൂടുതൽ വ്യാപകമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. എല്ലാ പഞ്ചായത്തിലും അലോപ്പതി-ഹോമിയോ-ആയുർവേദ ആശുപത്രികളുണ്ടാകണമെന്ന പ്രഖ്യാപിത നയം പ്രാവർത്തികമാക്കണം. കാൻസർ രോഗ പരിശോധനാ കേന്ദ്രങ്ങൾ എല്ലാ താലൂക്കാശുപത്രികളോടനുബന്ധിച്ചും ആരംഭിക്കണം. പി.എച്ച്.സി.കളിലും സി.എച്ച്.സി.കളിലും ആവശ്യത്തിന് ഡോക്ടർമാരെ നിയമിച്ച് ചികിൽസാ സംവിധാനം മെച്ചപ്പെടുത്തണം പായിപ്ര ഹെൽത്ത് സെന്ററിലെ ഇൻപേഷ്യന്റ് ചികിൽസാ വിഭാഗം മെച്ചപ്പെടുത്തണം. കെ.എച്ച്.ആർ.ഡബ്ളിയു.എസ്. പേ വാർഡുകൾ തുറന്നു പ്രവർത്തിപ്പിക്കണം. മൂവാറ്റുപുഴ താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തണം. എച്ച്.എം.സി.കളിൽ നിയമസഭാ സാമാജികരുടെ പങ്കാളിത്തം ഉറപ്പുവരുത്തണം.

<u>ശ്രീ. വി.എൻ. വാസവൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. യു.ഡി.എഫ്. ഭരണകാലത്ത് നാശോന്മുഖമായിക്കൊണ്ടിരുന്ന ആരോഗ്യ

മേഖലയെ ഉയർത്തിക്കൊണ്ടുവരാൻ രണ്ടുവർഷംകൊണ്ട് ആരോഗ്യവകുപ്പിന് സാധിച്ചത് പ്രശംസനീയമാണ്. സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനായി 2007-08 സാമ്പത്തിക വർഷാവസാനം അഞ്ചുകോടി രൂപ അനുവദിച്ചു. തിരുവനന്തപുരം, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ കേന്ദ്ര ആരോഗ്യ പദ്ധതികൾ നടപ്പാക്കി. കോഴിക്കോട് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ഉദ്ഘാടനം ചെയ്തു. കോട്ടയം മെഡിക്കൽ കോളേജിൽ കാത്ത് ലാബും പുതുതായി തൊറാസിക് സർജറി യൂണിറ്റും സ്ഥാപിച്ചു. കോട്ടയം മെഡിക്കൽ കോളേജിൽ റൂമാറ്റിക് ഹാർട്ട് ക്ലബ് തുടങ്ങിയത് ശ്ലാഘനീയമാണ്. അവിടെ എസ്.സി./എസ്.റ്റി. വിദ്യാർത്ഥികൾക്കായുള്ള പുതിയ കെട്ടിടത്തിനും ഒ.പി. ബ്ലോക്കിനും ഭരണാനുമതി നൽകിയത് ശ്രദ്ധേയമായ കാര്യങ്ങളാണ്. ചിക്കുൻഗുനിയ പോലുള്ള രോഗങ്ങൾക്കെതിരെ പ്രതിരോധ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുത്തു. മെഡിക്കൽ കോളേജുകളുടെ പ്രവർത്തനങ്ങളിൽ പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിക്കണം. ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് യൂണിഫോം അലോട്ട് ചെയ്യണം. കൊച്ചി-തിരുവിതാംകൂർ, മലബാർ മേഖലയിലുള്ള നിയമങ്ങൾ ഏകീകരിച്ച് സംസ്ഥാനത്ത് ഒരു പൊതുനിയമം കൊണ്ടുവരണം. മൊത്തത്തിൽ പൊതുജനാരോഗ്യ രംഗത്ത് സ്തുത്യർഹമായ പ്രകടനമാണ് ആരോഗ്യവകുപ്പ് കാഴ്ച വച്ചത്.

ശ്രീ. ടി.എൻ. പ്രതാപൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എൻ.ആർ.എച്ച്.എം.-നെ ദുർബ്ബലപ്പെടുത്തുന്ന പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടക്കുന്നത്. എൻ.ആർ.എച്ച്.എം. ഫണ്ട് ദുർവിനിയോഗം ചെയ്തവർക്കെതിരേയും കമ്പ്യൂട്ടർ വാങ്ങിയതിൽ അഴിമതി കാണിച്ചവർക്കെതിരേയും നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ

ആശുപത്രികളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനുള്ള സംവിധാനം സുതാര്യമാക്കണം. ഫാർമസിസ്റ്റ് അസോസിയേഷൻ നൽകിയ കത്തിൽ ആരോഗ്യ വകുപ്പിൽ മരുന്നിനുവേണ്ടി രൂപീകരിച്ച മെഡിക്കൽ കോർപ്പറേഷൻ നിശ്ചയിച്ചിരിക്കുന്ന വില സി.പി.സി. വിലയേക്കാൾ കൂടുതലാണെന്നാണ് പറഞ്ഞിട്ടുള്ളത്.പർച്ചേസിന്റെ ഒരു ഗഡു മരുന്ന് മാത്രമാണ് നൽകിയിരിക്കുന്നത്. ഡിസംബർ കഴിഞ്ഞാൽ കേരളം അതിരൂക്ഷമായ മരുന്നുക്ഷാമം നേരിടാൻ പോകുകയാണ്. മെഡിക്കൽ കോർപ്പറേഷൻ ബോംബെയിലും കൽക്കട്ടയിലുമുള്ള കുത്തകകളുടെ വൻകിട കമ്പനിയായി മാറിയിരിക്കുകയാണ്. എൻ.ആർ.എച്ച്.എം. വഴിയുള്ള നിയമനങ്ങളിൽ യാതൊരു മാനദണ്ഡവും സംവരണതത്വവും പാലിച്ചിട്ടില്ല. എൻ.ആർ.എച്ച്.എം.-ൽ നടക്കുന്ന അഴിമതിയെയും ധൂർത്തിനെയുംകുറിച്ച് അന്വേഷിക്കണം. മെഡിക്കൽ കോർപ്പറേഷന്റേയും സി. പി. സി. പ്രകാരമുള്ള റേറ്റും തമ്മിലുള്ള പ്രൈസ് ഡിഫറൻസ് പരിശോധിക്കണം. ജൂനിയറായ ഐ.എ.എസ്-കാരെ മെഡിക്കൽ കോർപ്പറേഷനിൽ നിയമിച്ച് പ്രവർത്തനങ്ങളെ വികലമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : ആരോഗ്യ വകുപ്പിനെ സംബന്ധിച്ച് പ്രതിപക്ഷത്തുനിന്ന് വളരെ കുറച്ച് വിമർശനങ്ങളും ഭരണപക്ഷത്തുനിന്ന് അഭിനന്ദനങ്ങളുമാണുണ്ടായിട്ടുള്ളത്. പ്രതിപക്ഷത്തെ ഒരു അംഗം കോട്ടയം മെഡിക്കൽ കോളേജിനെക്കുറിച്ച് പരാമർശിച്ചതല്ലാതെ ആരോഗ്യ വകുപ്പിനെ സംബന്ധിച്ച് അവരവരുടെ മണ്ഡലങ്ങളിലുള്ള ആശുപത്രികളെക്കുറിച്ചോ ജില്ലാ ആശുപത്രികളെക്കുറിച്ചോ യാതൊന്നും പരാമർശിച്ചില്ല. ഇവിടെ ഉന്നയിച്ചിട്ടുള്ള അഴിമതി ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്.

ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ഗൈഡ്ലൈൻ അനുസരിച്ച് ടെൻഡർ ക്ഷണിച്ച് വാങ്ങിയ കമ്പ്യൂട്ടറുകൾക്ക് കൃത്യമായ കോൺട്രാക്ട് റേറ്റുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പ്രോജക്ടായ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ കേരളത്തിന് ലഭിച്ച ഒരു അനുഗ്രഹമാണ്. ഈ വർഷം സംസ്ഥാനത്ത് ഹെൽത്ത് ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കാൻ പോകുകയാണ്. പി.എച്ച്.സി.യിൽ നിന്നുമുള്ള വിവരങ്ങൾ അതാത് സമയത്ത് ലഭ്യമാക്കാനായി തയ്യാറാക്കിയിട്ടുള്ള പ്രോജക്ടിന് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകി. ആരോഗ്യ മേഖലയിൽ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (എൻ.ആർ.എച്ച്.എം) പ്രവർത്തിക്കുന്നത് സുതാര്യമായിട്ടാണ്. അവിടെ യാതൊരു തരത്തിലുള്ള അഴിമതിയും നടന്നിട്ടില്ല. കേന്ദ്ര ഗവൺമെന്റിൽനിന്നും കിട്ടിയ നാൽപ്പത്തെട്ട് കോടി മുപ്പത്തിയൊമ്പത് ലക്ഷം രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുള്ളത് ചെലവഴിക്കുന്നുണ്ടോ യെന്ന് പരിശോധിക്കും. ആരോഗ്യ വകുപ്പ് വളരെ സങ്കീർണ്ണമായിരുന്ന ഒരു സാഹചര്യത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. അധികാരത്തിൽവന്ന് ഒരാഴ്ചയ്ക്കകം വിഴിഞ്ഞത്ത് ചിക്കുൻഗുനിയ ഉണ്ടാകുകയും ഈ ഗവൺമെന്റ് അതൊരു ചലഞ്ചായി ഏറ്റെടുക്കുകയും അതിശക്തമായ പ്രതിരോധ പ്രവർത്തനങ്ങൾ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ ഡിപ്പാർട്ട്മെന്റുകളുടെയും സഹകരണത്തോടെ നടത്തിയതിലൂടെ ചിക്കുൻഗുനിയയെ ഇല്ലാതാക്കാൻ കഴിഞ്ഞു. താഴെത്തട്ടിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനും മാലിന്യവിമുക്ത കേരളം എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കാനും ഒരു വാർഡിന് പതിനായിരം രൂപ വീതം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹി കൾക്ക് നൽകുകയുമുണ്ടായി. മാലിന്യ നിർമ്മാർജ്ജനത്തിനാവശ്യമായ തുക

കഴിഞ്ഞ വർഷവും ഈ വർഷവും നൽകി. എൽ. ഡി. എഫ്. ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്ന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ രൂപീകരിച്ചു എന്നതാണ്. ഗവൺമെന്റിന് കൺട്രോളില്ലാത്ത സംവിധാനമായിരുന്നു സി.പി.സി. അതിനായി ഒരു ടെക്നിക്കൽ കമ്മിറ്റിയുണ്ട്. അവർക്ക് മരുന്ന്/സർജിക്കൽ ഐറ്റംസ് വാങ്ങുന്നതിൽ മാറ്റം വരുത്താം. മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ തുടങ്ങാൻ നവംബർ 1-ന് തീരുമാനിക്കുകയും ഏപ്രിൽ 1-ന് മരുന്ന് വാങ്ങാൻ ടെൻഡർ പ്രോസസ്സ് പൂർത്തിയാക്കുകയും ചെയ്തു. പതിനാല് ജില്ലകളിലേയും മെഡിക്കൽ സ്റ്റോറുകളിലേയ്ക്ക് മൂന്ന് മാസത്തേയ്ക്കാവശ്യമുള്ള മരുന്ന് തിരുവനന്തപുരത്തിരുന്നുകൊണ്ട് ഓൺലൈനായി പരിശോധിക്കാനുള്ള ഹൈടെക്ക് സംവിധാനം നടപ്പിലാക്കി. ഡിസംബർ 31-നകം പി.എച്ച്.സി. വരെ ഈ സംവിധാനം ഏർപ്പെടുത്തും. മൂന്ന് വർഷം മുമ്പാണ് സി.പി.സി. മരുന്നുകൾക്ക് ടെൻഡർ വിളിച്ചത്. അതിൽ 219 ഐറ്റങ്ങൾക്ക് വിലക്കുറവാണ്. ചില ഐറ്റങ്ങൾക്ക് വില കൂടിയിട്ടുണ്ട്. വർഷങ്ങളായി സി.പി.സി. ടെൻഡറിൽ പങ്കെടുക്കുന്നത് 90 കമ്പനികളാണെങ്കിൽ ഇപ്പോൾ 160 ലധികം കമ്പനികൾ പങ്കെടുത്തു. കെ.എസ്.ഡി.പി. ഒഴിച്ച് നല്ല രീതിയിൽ മാനുഫാക്ച്ചറിംഗ് പ്രാക്ടീസുള്ള കമ്പനികൾക്ക് മാത്രമേ ടെൻഡർ കൊടുക്കാവൂ എന്ന് വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ തീരുമാനിച്ചിട്ടുണ്ട്. ഒന്നുരണ്ട് വർഷംകൊണ്ട് മെഡിക്കൽ കോർപ്പറേഷന്റെ പ്രവർത്തനം ജില്ലാ ആശുപത്രികളിലും എത്തിക്കുന്നതോടെ സംസ്ഥാനത്ത് മരുന്നിന് ഷോർട്ടേജുണ്ടാവുകയില്ല. പല ആശുപത്രികളുടെയും സ്ഥിതി

വളരെ ദയനീയമാണ്. 2004-05-ൽ പ്ളാൻ ഫണ്ട് 52 ശതമാനമാണ് ചെലവഴിച്ചതെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം അത് 74 ശതമാനമായി ഉയർത്തുകയാണ് ചെയ്തത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 19.34 കോടി രൂപയാണ് 2007-08-ൽ ചെലവഴിച്ചതെങ്കിൽ 2006-07-ൽ 15.38 കോടി രൂപയാണ് ചെലവഴിച്ചത്. മെഡിക്കൽ കോളേജുകളിലേയ്ക്ക് അത്യാവശ്യംവേണ്ട എക്വിപ്മെന്റ്സിന് ലിസ്റ്റ് തയ്യാറാക്കുകയും റീഅപ്രോപ്രിയേഷനിലൂടെ ഒരു കോടി രൂപവീതം ധനകാര്യ വകുപ്പ് എഗ്രീ ചെയ്യുകയും ആ തുക അഞ്ച് മെഡിക്കൽ കോളേജുകൾക്കും മാർച്ച് മാസത്തിൽ കൊടുക്കുകയും അതിൽ 99 ശതമാനവും ചെലവഴിക്കുകയും ചെയ്തു. മരുന്നുകൾ കൃത്യമായി കൊടുത്തുകൊണ്ട് പ്ളാൻ ഫണ്ട് ചെലവഴിക്കുന്നതിനുള്ള പരിശ്രമം നടത്തി. അപ്പോഴാണ് എൻ.ആർ.എച്ച്.എം.-ന് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയത്. ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന് ഡയറക്ടറെയും എം.ഡി.-യെയും നിശ്ചയിച്ച് പണം കൊടുക്കുകയും ചിക്കുൻഗുനിയയെ നിയന്ത്രിക്കാനാവശ്യമായ കിറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന് 20.64 കോടി രൂപ കേന്ദ്രത്തിൽനിന്നും അനുവദിച്ചിട്ടുണ്ട്. കെ.എസ്.ഡി.പി. തുറന്ന് പ്രവർത്തിപ്പിച്ചു. 20 കോടി രൂപയാണ് ഈ വർഷം കെ.എസ്.ഡി.പി. ക്ക് നീക്കിവച്ചത്. കെ.എസ്.ഡി.പി. ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ ഏടുക്കാമെന്ന് സംസ്ഥാന ഗവൺമെന്റ് ഉറപ്പ് നൽകിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ പൂർത്തീകരിക്കാതെ കിടന്ന കെട്ടിടങ്ങൾ പൂർത്തിയാക്കി

ശബരിമലയിലെത്തുന്ന ഭക്തർക്ക് ഉപയോഗിക്കത്തക്കവിധം എല്ലാ സംവിധാനങ്ങളുമുള്ള ജനറൽ ഹോസ്പിറ്റലാക്കി. അഞ്ച് മെഡിക്കൽ കോളേജുകളിലെയും എച്ച്.ഡി.എസ്.-ൽ എം.എൽ.എ.-മാർ, എം.പി.-മാർ, വ്യത്യസ്ത രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ ഉണ്ടാകണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഓർഡർ ഇറക്കിയിട്ടുണ്ട്. എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ കൂടുതൽ ജനപ്രതിനിധികളെ ഉൾപ്പെടുത്താൻ പറ്റില്ല. എം.എൽ.എ. മാരെ എച്ച്.ഡി.എസ്. കമ്മിറ്റിയിൽനിന്നും ഒഴിവാക്കുന്നതല്ല. എച്ച്.എം.സി. യിലും എക്സിക്യൂട്ടീവ് കമ്മിറ്റിയിലും എം.എൽ.എ. മാരേയും എം.പി. മാരേയും ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. പി.എച്ച്.സി. വരെയുള്ള എച്ച്.എം.സി.-യിൽ എം.എൽ.എ.-മാരെ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ഉൾപ്പെടുത്തുന്നതാണ്. നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ സഹായത്തോടെ സി.എച്ച്.സി., ബ്ലോക്ക് പി.എച്ച്.സി., ഗവൺമെന്റ് ഹോസ്പിറ്റൽ തുടങ്ങിയവയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതാണ്. ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 120 കോടി രൂപയുടെ വർക്ക് നടന്നുകൊണ്ടിരിക്കുകയാണ്. സ്പെഷ്യാലിറ്റി കെയർ യൂണിറ്റ് വരുന്നതോടുകൂടി ജില്ലാ ജനറൽ ആശുപത്രിയിലും താലൂക്ക് ആശുപത്രിയിലും സി.എച്ച്.സി. യിലും സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സിനെ നിയമിക്കാൻ സാധിക്കും. സാങ്കേതിക തടസ്സങ്ങൾ കാരണം പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കുന്ന കരുനാഗപ്പള്ളി ആശുപത്രിയുടെ നവീകരണ പ്രവർത്തനങ്ങൾക്ക് മുൻഗണനകൊടുക്കുന്നതാണ്. സംസ്ഥാനത്തെ 75 ശതമാനം ആശുപത്രികളുടേയും നവീകരണം വരുന്ന

മാർച്ച് 31-നുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിലെ അഞ്ച് മെഡിക്കൽ കോളേജുകളേയും സെന്റർ ഓഫ് എക്സലൻസ് ആയി മാറ്റാനാണ് ഉദ്ദേശിക്കുന്നത്. മലബാർ കാൻസർ സെന്ററിനെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിനു വേണ്ടി നിർമ്മിച്ചതും പൂട്ടിക്കിടന്നതുമായ അട്ടപ്പാടിയിലേയും നല്ലൂർനാട്ടിലേയും ആശുപത്രികളും മഞ്ചേശ്വരം മുതൽ പാറശ്ശാലവരെയുള്ള പൂട്ടിക്കിടന്ന 50 ആശുപത്രികളും തുറന്നുപ്രവർത്തിപ്പിച്ചു. ഡോക്ടർമാരുടെ 500-ലധികം പുതിയ തസ്തിക സൃഷ്ടിക്കുകയും അവരുടെ വേതനം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ഒക്ടോബർ മാസം ഒന്നാം തീയതി മുതൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് സർക്കാർ ആശുപത്രികളിൽ നിന്ന് പ്രസവാനുകൂല്യമായി 1000-രൂപ വീതം കൊടുക്കുന്നുണ്ട്. കാൻസർ മുതലായ മാരകമായ അസുഖങ്ങൾ ബാധിച്ച രോഗികൾക്ക് നൽകുന്ന സഹായധനം മുഴുവൻ അപേക്ഷകർക്കും നൽകിയിട്ടുണ്ട്. ആയുർവേദ ഹോമിയോ ചികിൽസാ രീതികളെ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയുർവേദ ഡി.എം.ഒ. മാർക്കും ഹോമിയോ ഡി.എം.ഒ. മാർക്കും ഡ്രൈവർമാരുടെ തസ്തിക സൃഷ്ടിച്ചുകൊണ്ട് വാഹനങ്ങൾ അനുവദിക്കുകയുണ്ടായി. അപകടമുണ്ടായാൽ അര മണിക്കൂറിനകം ചികിൽസാ കേന്ദ്രത്തിൽ എത്തിക്കത്തക്ക വിധത്തിൽ ലൈഫ് സേവിംഗ് എമർജൻസി മാനേജ്മെന്റ് സിസ്റ്റം എന്നുള്ള നിലയിൽ ഒരു സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി നാഷണൽ റൂറൽ ഹെൽത്ത് മിഷൻ വഴി സെൻട്രൽ ഗവൺമെന്റ് അനുവദിച്ച 11 കോടി രൂപ ഉൾപ്പെടെ 30 കോടി രൂപയുടെ പ്രോജക്ടാണ്

നടപ്പിലാക്കാൻ പോകുന്നത്. വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് എല്ലാ വിദ്യാർത്ഥികൾക്കും സ്കൂൾ ഹെൽത്ത് കാർഡ് നൽകുന്നതാണ്. ഇൻഡ്യയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു ഡ്രഗ്ഗ് ഇൻഫർമേഷൻ സെന്റർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ പേവാർഡുകൾ നവീകരിക്കും. സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് സി.എച്ച്.സി. കളിലും, പി.എച്ച്.സി. കളിലും റിസർച്ച് ലാബ് സ്ഥാപിക്കും. മെഡിക്കൽ കോളേജിൽ റെസിഡൻസി സിസ്റ്റം നടപ്പിലാക്കുന്നതിനും ടൈംബൗണ്ടായി പ്രൊമോഷൻ കൊടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എല്ലാ പഞ്ചായത്തിലും ഈ വർഷം തന്നെ ഒരു പി.എച്ച്.സി. എങ്കിലും അനുവദിക്കും. സ്ഥലവും കെട്ടിടവും അനുവദിക്കുകയാണെങ്കിൽ നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ സഹായത്തോടുകൂടി ഓരോ പഞ്ചായത്തിലും ആയുർവേദ, ഹോമിയോ ആശുപത്രികളിൽ ഏതെങ്കിലും ഒന്ന് സ്ഥാപിക്കാൻ നടപടി സ്വീകരിക്കും. ഇപ്പോഴും സമരം തുടരുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II-ന്റെ നിയമനം സംബന്ധിച്ച് റാങ്ക്ലിസ്റ്റിൽനിന്നുള്ളവർക്ക് കൂടുതൽ പ്രാമുഖ്യം കിട്ടുന്നതിനുവേണ്ടി 25 ശതമാനം പ്രൊമോഷനിലൂടേയും 75 ശതമാനം ഡയറക്ട് റിക്രൂട്ട്മെന്റിലൂടേയും ഒഴിവുകൾ നികത്താനാണ് ഉദ്ദേശിക്കുന്നത്. കണ്ണൂരിൽ ഈ വർഷം റീജിയണൽ പബ്ളിക് ഹെൽത്ത് ലാബ് സ്ഥാപിക്കുന്നതാണ്. തീരപ്രദേശങ്ങളിൽ ഓരോ മുനിസിപ്പാലിറ്റിയിലും ഒന്ന് എന്ന തോതിൽ ഈ വർഷം തന്നെ അർബൻ ഹെൽത്ത് സെന്റർ നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതിനുവേണ്ടിയുള്ള തുകയും അനുവദിച്ചിട്ടുണ്ട്. മുവാറ്റുപുഴ താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയാക്കു

ന്നതിന് നടപടി സ്വീകരിക്കുന്നതാണ്. 235 ആശുപത്രികൾ ഫസ്റ്റ് റെഫറൽ യൂണിറ്റുകൾ എന്ന നിലയിൽ സംസ്ഥാനത്ത് പ്രവർത്തന സജ്ജമാക്കും. കേന്ദ്ര ഗവൺമെന്റിന്റെ ഗൈഡ്ലൈൻ അനുസരിച്ച് പി.എച്ച്.സി., സി.എച്ച്. സി., താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്ന ക്രമത്തിൽ സ്റ്റാന്റേർഡൈസേഷൻ കൊണ്ടുവരും. എറണാകുളത്ത് പോലീസ് സർജനെ ഡെപ്യൂട്ടേഷനിൽ നിയമിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ചികിത്സാ സംവിധാനം, രോഗപ്രതിരോധ പ്രവർത്തനം, ആരോഗ്യ പരിപാലനം എന്നീ രംഗത്ത് ശ്രദ്ധിച്ചാൽ മാത്രമേ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. രോഗം വന്നാൽ ചികിത്സിക്കാനുള്ള സംവിധാനം അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി എന്നീ വിഭാഗങ്ങളിൽ ഫലപ്രദമായി നടപ്പിലാക്കും. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും ഈ ഗവൺമെന്റ് സൗജന്യ ചികിത്സ ലഭ്യമാക്കും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയും 27 നെതിരെ 73 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 4.10-ന് പിരിഞ്ഞു.)